# വിശുദ്ധ ഖുർആൻ പ്രവർത്തനത്തിലൂടെ സംരക്ഷിക്കുക.

وَلَقَدْ صَرَّفْنَا فِي هٰذَا الْقُرْاٰنِ
لِيَذَّكَّرُوْا ؕ وَمَا يَزِيْدُهُمْ اِلَّا نُفُوْرًا ﴿٤٢﴾
وَنُنَزِّلُ مِنَ الْقُرْاٰنِ مَا هُوَ شِفَآءٌ وَّرَحْمَةٌ
لِّلْمُؤْمِنِيْنَ ۙ وَلَا يَزِيْدُ الظّٰلِمِيْنَ اِلَّا خَسَارًا ﴿٨٣﴾

ഇസ്‌ലാമിന്റെ എതിരാളികൾക്ക് ഇസ്‌ലാമിനും വിശുദ്ധ ഖുർആനും റസൂൽ ﷺ തിരുമേനിക്കും എതിരായി തങ്ങളുടെ ഹൃദയത്തിലെ വിദ്വേഷവും അസൂയയും പ്രകടമാക്കുകയെന്ന രോഗം കൂടെ കൂടെ ഉണ്ടായിക്കൊണ്ടിരിക്കുന്നു. കഴിഞ്ഞ ദിവസം വന്ന വാർത്തയും ഇതുമായി ബന്ധപ്പെട്ടതായിരുന്നു. ചില മുസ്‌ലിം രാജ്യങ്ങളിൽ ഇതിന്നെതിരിൽ ശക്തമായ പ്രതിഷേധിക്കുകയുണ്ടായി. വിശുദ്ധ ഖുർആനെക്കുറിച്ച് അസഭ്യവും അനാവശ്യവും പുലമ്പിയിരുന്ന നീചപ്രകൃതക്കാരനായ അമേരിക്കൻ പാതിരി കഴിഞ്ഞ സെപ്റ്റംബർ 2010 ന് വിശുദ്ധ ഖുർആൻ അഗ്നിക്കിരയാക്കുന്നതിനെക്കുറിച്ച് പറഞ്ഞിരുന്നു. ആ സമയത്ത് ചില സമ്മർദ്ധങ്ങൾമൂലം ഈ ക്രൂര പ്രവർത്തി അയാൾക്ക് ചെയ്യാൻ സാധിച്ചിരുന്നില്ല. എന്നാൽ രണ്ടുദിവസം മുമ്പ് തന്റെ കൂട്ടാളികളോട് ചേർന്ന് വിശുദ്ധ ഖുർആൻ കത്തിക്കുകയെന്ന ലജ്ജാകരമായ പ്രവർത്തി അയാൾ ചെയ്തിരിക്കുന്നു. എന്നാൽ തന്റെ ഈ അവിശുദ്ധ പ്രവർത്തിയെ അയാൾ ന്യായികരിച്ചിരിക്കുന്നതെങ്ങിനെയാണെന്ന് നോക്കുക. 12 അംഗങ്ങൾ ഉള്ള ഒരു ജ്യൂറി ഉണ്ടാക്കി. അവരാണ് ഈ തീരുമാനം കൈകൊണ്ടത്. അതിൽ വിശുദ്ധ ഖുർആന്നെതിരുള്ള വാദങ്ങളെ പ്രതിരോധിക്കാൻ മുസ്‌ലിംങ്ങളുടെ പ്രാതിനിത്യം വഹിക്കുന്നതിനായി ഒരു മസ്ജിദിലെ ഇമാമിനെയും വിളിപ്പിച്ചിരുന്നു. نَعُوْذُ بِاللّٰهِ വിശുദ്ധ ഖുർആൻ ബലാൽക്കാരത്തിന്റെയും തീവ്രവാദത്തിന്റെയും അദ്ധ്യാപനങ്ങളാണ് നൽകുന്നത്, അത്കൊണ്ടത് കത്തിക്കേണ്ടതാണ് എന്ന് 6 മണിക്കൂറുകൊണ്ട് ജ്യൂറി തീരുമാനമെടുക്കുകയുണ്ടായി. അന്യായക്കാരും ജസ്റ്റിസും ഇവർതന്നെ. മറിച്ച് ഇങ്ങനെയാണ് പറയേണ്ടത്, ഇവർതന്നെ കുറ്റവാളികളും ഇവർതന്നെ ന്യായാധിപന്മാരും.

ഈ പാതിരിക്ക് അമേരിക്കയിൻ അത്രവലിയ പേരൊന്നുമില്ല. അയാളെ പിന്തുടരുന്ന ഒരുപാട് അനുയായികളോ മറ്റൊന്നും തന്നെയില്ല. നൂറിൽപരം ആളുകൾ ഒരുപക്ഷേ അയാളുടെ ചർച്ചിൽ വരുന്നവരായി ഉണ്ടാകും. വിലകുറഞ്ഞ പ്രസിദ്ധിക്ക് വേണ്ടിയാണ് ഈ അക്രമം പ്രവർത്തിക്കുന്നത്. പത്രങ്ങളും മീഡിയയും ഈ പ്രവർത്തിയെ വീണ്ടും ഉദ്ധരിച്ചിരിക്കുന്നു. യഥാർത്ഥത്തിൽ മീഡിയതന്നെയാണ് ഇതിനെ പ്രോത്സാഹിപ്പിക്കുന്നത്. സമാധാനത്തിനു ശ്രമിക്കുന്നതിനു പകരം കുഴപ്പത്തെ പ്രോത്സാഹിപ്പിക്കുന്നു. കേവലം തങ്ങളുടെ വാർത്ത ജനങ്ങളുടെ ശ്രദ്ധാകേന്ദ്രമാകാൻവേണ്ടിയും പത്രത്തിന്റെയും സൈറ്റിന്റെയും പ്രസിദ്ധിക്കുവേണ്ടിയുമാണ് അവർ ഇതു ചെയ്യുന്നത്.

ഇതിനെക്കുറിച്ച് വിശകലനം ചെയ്യുന്നവർ പറയുന്നത്, മീഡിയകൾ ഈ വാർത്ത നൽകിയിട്ടും ആളുകളുടെ ശ്രദ്ധ ഇതിലേക്ക് തിരിഞ്ഞിട്ടില്ല എന്നാണ്. അവർ വിവിധ ആളുകളുടെ ഇന്റർവ്യൂയും എടുക്കുകയുണ്ടായി. കൗൺസിലർ ഓൺ അമേരിക്കൻ ഇസ്‌ലാമിക് റിലേഷൻ എന്ന ഒരു സംഘടനയുടെ പ്രതിനിധിയോടും അവർ ഇതിനെക്കുറിച്ച് ചോദിച്ചിരുന്നു. അവർ ഇതിനെക്കുറിച്ച് ഇത്രമാത്രം പറഞ്ഞ് പ്രതികരിക്കാൻ വിസമ്മതിക്കുകയാണുണ്ടായത്. അയാൾ ഒരു നീചനായ വ്യക്തിയാണ്. ഒരു പക്ഷേ മാധ്യമങ്ങളിൽ ഈ പ്രവർത്തിയിലൂടെ അയാൾ 15 മിനിറ്റ് നേരത്തെ പ്രസിദ്ധിനേടുമായിരിക്കും എന്നാൽ ഞങ്ങൾ എന്തെങ്കിലും വിശദീകരണം നൽകിയാൽ അത്മൂലം അയാൾക്ക് കുറച്ച് നിമിഷത്തെ പ്രശസ്തികൂടി കൂടുതൽ ലഭിക്കും അത്കൊണ്ട് അയാൾക്ക് കൂടുതൽ പ്രസിദ്ധി നൽകാൻ ഞങ്ങൾ ആഗ്രഹിക്കുന്നില്ല.

എന്തായിരുന്നാലും ഇത് അവരുടെ സ്വന്തം ചിന്താഗതിയാണ്. ഈ വിധത്തിലുള്ള നീചവും പൈശാചികവുമായ പ്രവർത്തി എല്ലായ്പ്പോഴും ഇസ്‌ലാമിനെതിരെ ഉണ്ടായിട്ടുണ്ട്. ഈ പ്രവർത്തി ഒരാൾ തന്റെ ഏതെങ്കിലും കൂട്ടാളികൾക്കിടയിലിരുന്നോ അല്ലെങ്കിൽ പൊതുജനങ്ങൾക്കിടയിലിരുന്നോ ചെയ്താലും ഒരു യഥാർത്ഥ മുഅ്മിൻ ഈ കാര്യങ്ങളെക്കുറിച്ചറിയുമ്പോൾ ദുഃഖിതനാവുന്നു. എന്നാൽ ഈ ദുഃഖകരമായ അവസ്ഥയിലും ഒരു മുഅ്മിന് പ്രതികരിക്കുന്നത് ചില സംഘടനകൾ അയാളുടെ തലക്ക് വില നിശ്ചയിച്ചിരിക്കുന്നതുപോലെ ആരുടെയെങ്കിലും തലക്ക് വില നിശ്ചയിച്ചുകൊണ്ടോ പ്രകടനം നടത്തി അടിച്ച്പൊളിച്ച് സ്വന്തം രാജ്യത്ത് തന്നെ നാശനഷ്ടം വരുത്തി ശത്രുക്കളുടെ കൈ കൂടുതൽ ബലപ്പെടുത്തുന്ന പ്രവർത്തികൾ ചെയ്തുകൊണ്ടോ ആയിരിക്കില്ല. മറിച്ച് അവൻ വിശുദ്ധ ഖുർആന്റെ മനോഹര അദ്ധ്യാപനങ്ങളെ തന്റെ വാക്ക്കൊണ്ടും പ്രവർത്തികൊണ്ടും വ്യക്തിത്വം കൊണ്ടും കാണിച്ചുകൊടുത്തുകൊണ്ട് ജനങ്ങളെ ഇതിൽ ആകൃഷ്ഠരാക്കുകയും അങ്ങനെ അവർ സ്വയം ഇത്തരം നികൃഷ്ട പ്രവർത്തികളെ അപഹസിക്കുന്ന വിധത്തിലാക്കിത്തീർത്തുകൊണ്ടുമാണ് പ്രതികരിക്കുക. അന്ധരായിട്ടുള്ളവർക്ക് വിശുദ്ധ ഖുർആന്റെ മഹത്വം കാണാൻ സാധ്യമല്ല. അല്ലെങ്കിൽ വ്യത്യസ്ഥ മതങ്ങളിൽപെട്ട നിക്ഷ്പക്ഷമതികളായ ആളുകൾ അവർ റസൂലുല്ലാഹി ﷺ തിരുമേനിയെ പുകഴ്ത്തിയിട്ടുണ്ട്. ഹിന്ദുക്കളും സിക്കുകകാരും ക്രിസ്ത്യാനികളും പ്രകീർത്തിച്ച് എഴുതിയിട്ടുണ്ട്.

ഞാനിവിടെ രണ്ട് മൂന്ന് ഉദാഹരണങ്ങൾ കേൾപ്പിക്കാം. റസൂൽ ﷺ യുടെ സ്ഥാനം അന്യരുടെ ദൃഷ്ടിയിൽ എന്തായിരുന്നുവെന്ന് അത് സ്വയം വെളിവാക്കുന്നതാണ്. വിശുദ്ധ ഖുർആന്റെ അദ്ധ്യാപനങ്ങൾ എത്രമാത്രം മനോഹരമാണ്. ഇന്ന് ഇസ്‌ലാമിന്നെതിരിൽ ശബ്ദിക്കുന്നത് നിർഭാഗ്യവാനായ ഈ പാതിരിമാത്രമല്ല. ഏതാനും ദിവസം മുമ്പ് പത്രത്തിൽ കോളമെഴുതുന്ന ഒരാൾ അമേരിക്കയിലെ പത്രത്തിൽ ഇപ്രകാരം എഴുതിയിരുന്നു. (നോക്കുക ദജ്ജാലിന്റെ തന്ത്രം എപ്രകാരമാണ്.) ''മുസ്‌ലിംകൾ മോശം ആളുകളല്ല. എന്നാൽ വിശുദ്ധ ഖുർആന്റെ അദ്ധ്യാപനങ്ങളാണ് യഥാർത്ഥത്തിൽ ഇവർക്ക് ബലാൽക്കാരത്തിന്റെയും തീവ്രവദത്തിന്റെയും പാഠം നൽകുന്നത്.'' ഇവർ ഒരിക്കലും വിശുദ്ധ ഖുർആൻ കാണുകയോ വായിക്കുകയോ ചെയ്തിട്ടുണ്ടായിരിക്കുകയില്ല. കേവലം ഹൃദയത്തിലെ വിദ്വേഷവും അസൂയയും പ്രകടമാക്കുകയാണ് ചെയ്യുന്നത്. ഞാൻ ഒരു ഉദ്ധരണി കേൾപ്പിക്കാം. **History of the International Development of Europe By John William** എന്ന ജനീവയിൽ നിന്ന് പ്രസിദ്ധീകൃതമായ പുസ്തകത്തിന്റെ ഒന്നാം വാള്യം പേജ് 332 ൽ പറയുന്നു.

അതിന്റെ തർജ്ജുമ ഇപ്രകാരമാണ്. ''അറേബ്യയുടെ പുരോഗതി വാൾബലം കൊണ്ടാണ് സംഭവിച്ചത് എന്നത് പരിപൂർണ്ണമായും തെറ്റായ ചിന്താഗതിയാണ്. വാൾ സമുദായത്തിന്റെ മതത്തെ മാറ്റുമായിരിക്കും എന്നാൽ മനുഷ്യചിന്തയെയോ, മനുഷ്യ മനസ്സാക്ഷിയുടെ ശബ്ദത്തേയോ പരിവർത്തിപ്പിക്കുവാൻ ഇതിന് സാധ്യമല്ല.'' ഈ പുസ്തകത്തിൽ തന്നെ 343, 344 പേജുകളിൽ എഴുതുന്നു. ''വിശുദ്ധ ഖുർആൻ വായിക്കുന്ന നിഷ്പക്ഷമതിയായ വ്യക്തി ശങ്കലേശമന്യേ അത്ഭുതപ്പെട്ട് പോകുന്നു. എത്രമാത്രം ഉന്നതമായ നിലയിലാണ് കാര്യത്തിന്റെ ഉദ്ദേശ്യത്തെ വിവരിച്ചിരിക്കുന്നത്. വിശുദ്ധ ഖുർആൻ ഉന്നതമൂല്യങ്ങളെക്കൊണ്ടും അദ്ധ്യാപനങ്ങൾകൊണ്ടും കൽപനകൾകൊണ്ടും നിറഞ്ഞിരിക്കുന്നു. ഇതിന്റെ ക്രമവും പരസ്പരബന്ധവും വളരെ വ്യക്തവും അതിന്റെ ഓരോ വാക്കുകളും ഒരോ അർത്ഥം ഉൾക്കൊള്ളുന്നതുമാണ്. ഓരോ ഏടുകളിലും അതിനകത്ത് ഒരു വിഷയം പ്രതിപാദിച്ചിരിക്കുന്നു. അതിനെ പ്രശംസിക്കാതെ മനുഷ്യന് മുന്നോട്ട് പാരായണം ചെയ്യാൻ സാധ്യമല്ല.''

ഇതാണ് ഒരു ഓറിയന്റലിസ്റ്റിന്റെ അഭിപ്രായം. ഒരുപാട് ഓറിയന്റലിസ്റ്റുകൾക്ക് മതപരമായ അഭിപ്രായവ്യത്യാസം ഉണ്ടായിരുന്നിട്ടും സത്യസന്ധതയോടുകൂടി പ്രവർത്തിക്കേണ്ടിവന്നു. അവർ അതിന് നിർബന്ധിതരായിത്തീർന്നു. അവരുടെ ഹൃദയത്തിന്റെ ശബ്ദം നീതി നിലനാട്ടാൻ അവരോട് പറഞ്ഞു. അവർക്ക് റസൂലുല്ലാഹി ﷺ യെയും വിശുദ്ധ ഖുർആനെയും പ്രശംസിക്കാതിരിക്കാൻ സാധിച്ചില്ല. എന്നാൽ വിദ്വേഷത്തിലും അസൂയയിലും മുന്നിട്ട് നിൽക്കുന്നവർക്ക് ഒന്നും കാണാൻ സാധ്യമല്ല. ഞാൻ ഓതികേൾപ്പിച്ച ആയത്തുകളിലും അല്ലാഹു അത്തരക്കാരെക്കുറിച്ചാണ് പറയുന്നത്. വിശുദ്ധ ഖുർആൻ സത്യമാണ്. അതിൽ യാതൊരു സംശയവുമില്ല. ഞാൻ ആദ്യം ഓതിയ ആയത്തിന്റെ തർജ്ജുമ ഇപ്രകാരമാണ്.

അവർ ഉപദേശം കരസ്ഥമാക്കുന്നതിനായി നാം ഈ ഖുർആനിൽ (എല്ലാ ഓരോ കാര്യവും) വിവിധമാർഗേന വിശദീകരിച്ചിട്ടുണ്ട്. എന്നാൽ അവർക്ക് വൈമുഖ്യമല്ലാതെ അത് വർദ്ധിപ്പിക്കുന്നില്ല. (17:42)

വിശുദ്ധ ഖുർആൻ ഇത്തരക്കാരെ വരച്ചുകാണിച്ചിരിക്കുന്നു. ഇവരുടെ അവസ്ഥയും മുമ്പുള്ള നിഷേധികളുടേതുപോലെയാണ്. വിശുദ്ധ ഖുർആന്റെ ഓരോ ആയത്തും അത് പൗരാണിക ചരിത്രം വിവരിക്കുമ്പോൾതന്നെ പ്രവചനങ്ങളും നടത്തുന്നു.അതുകൊണ്ട് അത്തരത്തിലുള്ള ആളുകൾ ഇസ്ലാമിന്റെ ശത്രുതയിൽ ജനിച്ചുകൊണ്ടിരുന്നിട്ടുണ്ട്. ഇനിയും ജനിച്ചുകൊണ്ടേയിരിക്കും.വിശുദ്ധ ഖുർആന്റെ വ്യക്തമായ അദ്ധ്യാപനങ്ങൾ ഉണ്ടായിട്ടും ഓരോവശത്തിന്റെയും വ്യത്യസ്ഥ വിശദീകരണങ്ങൾ ഉണ്ടായിട്ടും പിന്നേയും അതിൽ ആരോപണം ഉന്നയിക്കും. ആരോപണം ഉന്നയിക്കുകമാത്രമല്ല ചെയ്യുന്നത് നാം വിവിധ മാർഗേന വിശദീകരിക്കുന്ന വിശുദ്ധ ഖുർആന്റെ മനോഹര അദ്ധ്യാപനങ്ങൾ ഇവരുടെ കണ്ണുകൾ തുറക്കുന്നതിനുപകരമായി ﴿وَمَا يَزِيدُهُمْ إِلَّا نُفُورًا﴾ അവർക്ക് ഈ മനോഹര അദ്ധ്യാപനങ്ങളോട് വൈമുഖ്യമല്ലാതെ അത് വർദ്ധിപ്പിക്കുന്നില്ല. അതായത് ഈ മനോഹര അദ്ധ്യാപനങ്ങളോട് വെറുപ്പ് പ്രകടിപ്പിച്ച്കൊണ്ട് അവർ അതിൽ നിന്ന് ദൂരപ്പെട്ട് പോകുന്നു.

ബനീ ഇസ്രായീൽ എന്ന ഈ സൂറത്തിലും ഇത്തരക്കാരെക്കുറിച്ച് പരാമർശിക്കുന്നുണ്ട്. അത് ഞാൻ ഓതിക്കേൾപ്പിക്കുകയുണ്ടായി. അതിന്റെ തർജ്ജുമ ഇപ്രകാരമാണ്. ''വിശ്വാസികൾക്ക് ശമനൗഷധവും കാരുണ്യവുമായിട്ടുള്ള അദ്ധ്യാപനം നാം ഖുർആനിൽ നിന്ന് ഇറക്കിക്കൊണ്ടിരിക്കുന്നു. എന്നാൽ അക്രമികൾക്ക് അത് നഷ്ടം മാത്രമേ വർദ്ധിപ്പിക്കുകയുള്ളൂ.'' ഇവിടെ ഒന്നുകൂടി വിശദീകരിക്കുകയുണ്ടായി. ഏതുപോലെ ഒരാളുടെ പ്രകൃതിയിരിക്കുന്നുവോ അതുപോലെ അയാൾ അതിനെ കാണുകയുള്ളൂ. മഞ്ഞപിത്തമുള്ള രേഗിക്ക് എല്ലാം മഞ്ഞയായിട്ടേ കാണുകയുള്ളൂ എന്ന് പറയാറുണ്ട്. ദുശിച്ച പ്രകൃതിയുള്ളവന് അവന്റെ പ്രകൃതിക്കനുസരിച്ച് മാത്രമേ കാണാൻ സാധിക്കുകയുള്ളൂ. വിശുദ്ധ ഖുർആൻ ﴿هدى للمتقين﴾ എന്ന് തുടക്കത്തിൽ തന്നെ പ്രഖ്യാപിക്കുകയുണ്ടായി. വിശുദ്ധ ഖുർആനിലുള്ള ഈ മനോഹര അദ്ധ്യാപനങ്ങൾ, ഈ ഹിദായത്ത് ഇത് എല്ലാ മുൻകഴിഞ്ഞ അദ്ധ്യാപനങ്ങളെക്കാളും ഉന്നതമായതാണ്. അത് ആരിലാണോ തഖ്‌വയുള്ളത് അവർക്ക് മാത്രമേ കാണാൻ സാധിക്കുകയുള്ളൂ. തങ്ങളുടെ ഹൃദയങ്ങളിൽ അൽപം ദൈവഭയമുള്ളവർക്കേ അത് ഹിദായത്ത് നൽകുകയുള്ളൂ. ഇവർ എത്രതന്നെ അനാവശ്യം പറഞ്ഞാലും ഇതുമൂലം വിശുദ്ധ ഖുർആന്റെ അദ്ധ്യാപനങ്ങൾക്ക് നഷ്ടം വരുത്താൻ ഇവർക്ക് കഴിയും എന്ന ചിന്ത നമുക്കില്ല. വിശുദ്ധ ഖുർആന്റെ മഹോന്നത സ്ഥാനവും അതിന്റെ സംരക്ഷണവും അത് അല്ലാഹുവിന്റെ സ്വന്തം ഉത്തരവാദിത്വമാണ്. ഞാനോതിയ രണ്ടാമത്തെ ആയത്തിൽ മുഅ്മിനീങ്ങൾക്ക് സന്തോഷവാർത്തയാണുള്ളത്. വിശുദ്ധ ഖുർആൻ നിങ്ങൾക്ക് എപ്പോഴും കാരുണ്യം നൽകിക്കൊണ്ടിരിക്കും. നിങ്ങളുടെ ആത്മീയ രോഗത്തിനും ശാരീരിക രോഗത്തിനുള്ള ചികിത്സയാണത്. ഇത് എല്ലാവിധ അദ്ധ്യാപനങ്ങളും തന്റെയുള്ളിൽ ഉൾക്കൊള്ളിച്ചിരിക്കുന്നു. ഇതിനുമുമ്പുള്ള ആയത്തുമായി ഇത് ചേർത്ത് വായിക്കുകയാണെങ്കിൽ യഥാർത്ഥ വിശ്വാസികൾക്ക് സന്തോഷവാർത്ത നൽകുന്നു. സത്യം വന്നിരിക്കുന്നു അസത്യം ഓടിപ്പോയിരിക്കുന്നു.

﴿جَاءَ الْحَقُّ وَزَهَقَ الْبَاطِلُ إِنَّ الْبَاطِلَ كَانَ زَهُوقًا﴾

കളവും വഞ്ചനയും ചതിയും കുതന്ത്രവും ഓടിപ്പോകുന്നതായിരിക്കും. ഇത് അവന്റെ തഖ്ദീറാണ്. ഇവിടെ നമ്മുടെ ശ്രദ്ധ ക്ഷണിച്ചിരിക്കുന്നത്, തലക്ക് വില കൽപ്പിക്കുന്നത്കൊണ്ടോ, നാശനഷ്ടം വരുത്തുന്നത്കൊണ്ടോ അല്ലെങ്കിൽ തെറ്റായ രീതിയിൽ പ്രതിഷേധം പ്രകടിപ്പിക്കുന്നതുകൊണ്ടോ വിശുദ്ധ ഖുർആന്റെ അഭിമാനം സ്ഥാപിതമാകുന്നതല്ല എന്നാണ്. മറിച്ച് യഥാർത്ഥ മുഅ്മിൻ വിശുദ്ധ ഖുർആന്റെ അദ്ധ്യാപനങ്ങൾ തന്നിൽ പ്രാവർത്തികമാക്കിയാൽ മാത്രമേ വിശുദ്ധഖുർആന്റെ മഹത്വം സ്ഥാപിതമാകുകയുള്ളൂ, സ്ഥാപിക്കുന്നവനായിത്തീരുകയുള്ളൂ. ഇതിന്റെ മനോഹര അദ്ധ്യാപനങ്ങൾ ലോകത്തിന് കാണിച്ച്കൊടുത്തുകൊണ്ട് സത്യവുമസത്യവും തമ്മിലുള്ള വ്യത്യാസം പ്രകടമാക്കുക. അങ്ങനെ ഈ അദ്ധ്യാപനം ലോകത്ത് പ്രകടമാകുമ്പോൾ അല്ലാഹുവിന്റെ ശക്തമായ തഖ്ദീർ മുഅ്മിനീങ്ങൾക്ക് കാരുണ്യവും, മുറിവേറ്റ ഹൃദയങ്ങൾക്ക് മരുന്നു പുരട്ടുന്ന കാഴ്ചയും പ്രകടമാക്കുന്നതാണ്. ഖുർആന്റെ വിജയം മുഅ്മിനീങ്ങളുടെ വിജയമായിരിക്കും. ഖുർആന്റെ അദ്ധ്യാപനങ്ങൾകൊണ്ട് തങ്ങളുടെ ആത്മീയവും ഭൗതികവുമായ പുരോഗതിക്കുള്ള മാർഗ്ഗം കണ്ടെത്തുക എന്നല്ലാതെ ലോകത്തിന് മറ്റൊരു ഉപാധിയുമില്ല.

നമുക്ക് പ്രത്യേകിച്ച് അഹ്മദികൾക്ക് ഇവരുടെ ഇത്തരത്തിലുള്ള നികൃഷ്ഠവും നിന്ദ്യവുമായ കുതന്ത്രങ്ങൾ കൊണ്ട് യാതൊരു വ്യാകുലതയും ഇല്ല. ഈ കാലഘട്ടത്തിൽ വിശുദ്ധ ഖുർആന്റെ അദ്ധ്യാപനങ്ങൾ ലോകത്ത് രണ്ടാമതും പ്രചരിപ്പിക്കാൻ അയച്ചിട്ടുള്ള ആ മസീഹ് മൗഊദിനെ വിശ്വസിക്കുന്നവരാണ് നാം. ഇതിനെക്കുറിച്ച് വിശുദ്ധ ഖുർആൻ പറയുന്നു.

يُسَبِّحُ لِلّٰهِ مَا فِي السَّمٰوٰتِ وَمَا فِي الْاَرْضِ الْمَلِكِ الْقُدُّوْسِ الْعَزِيْزِ الْحَكِيْمِ ۝٢ هُوَ الَّذِيْ بَعَثَ فِي الْاُمِّيّٖنَ رَسُوْلًا مِّنْهُمْ يَتْلُوْا عَلَيْهِمْ اٰيٰتِهٖ وَيُزَكِّيْهِمْ وَيُعَلِّمُهُمُ الْكِتٰبَ وَالْحِكْمَةَ ۚ وَاِنْ كَانُوْا مِنْ قَبْلُ لَفِيْ ضَلٰلٍ مُّبِيْنٍ ۝٣ وَّاٰخَرِيْنَ مِنْهُمْ لَمَّا يَلْحَقُوْا بِهِمْ ۗ وَهُوَ الْعَزِيْزُ الْحَكِيْمُ ۝٤

ആകാശങ്ങളിലും ഭൂമിയിലുമുള്ളവയെല്ലാം രാജാവും പരമ പരിശുദ്ധനും പ്രതാപവാനും അഗാതജ്ഞനുമായ അല്ലാഹുവിന്റെ പരിശുദ്ധിയെ പ്രകീർത്തനം ചെയ്യുന്നു. അവനത്ര അക്ഷരജ്ഞാനമില്ലാത്ത ആ ജനതയിൽ അവരിൽ നിന്നുള്ള ഒരു ദൂതനെ എഴുന്നേൽപ്പിച്ചിട്ടുള്ളത്. ആ ദൂതർ അവന്റെ വചനങ്ങൾ അവർക്ക് വായിച്ച് കേൾപ്പിക്കുകയും അവരെ ശുദ്ധീകരിക്കുകയും അവർക്ക് ഗ്രന്ഥവും തത്വജ്ഞാനവും പഠിപ്പിച്ചുകൊടുക്കുകയും ചെയ്യുന്നു. ഇതിനുമുമ്പ് അവർ സ്പഷ്ടമായ വഴികേടിലായിരുന്നുവെങ്കിലും. അവരോടൊപ്പം ഇതേവരെ ചേർന്നിട്ടില്ലാത്ത അവരിൽ നിന്നുള്ള മറ്റൊരു ജനതയിലും അവൻ ദൂതനെ എഴുന്നേൽപ്പക്കുന്നതാണ്. അവൻ പ്രതാപവാനും അഗാതജ്ഞനുമാണ്.

അല്ലാഹു റസൂൽ തിരുമേനി ﷺ യെ നിയോഗിച്ച ആദ്യകാലഘട്ടമുണ്ടായിരുന്നു. അദ്ദേഹം അദ്ദേഹത്തിൽ അവതരിച്ച ഈ അധ്യാപനങ്ങളിലൂടെ ലോകത്തിലെ അങ്ങേയറ്റം അധഃപതിച്ച ഒരു ജനതയിൽ ഒരു വിപ്ലവം സംജാതമാക്കി. ജാഹിലിയത്തിലും, ചെറിയ ചെറിയ കാര്യങ്ങൾക്ക് മൃഗങ്ങളെപോലെ പരസ്പരം രക്തദാഹികളുമായിരുന്ന ആ ജനതയിൽ മനോഹരമായ ആയത്തുകൾ ഓതികേൾപ്പിച്ചു. അവരെ ഈ മനോഹരമായ അധ്യാപനങ്ങളിലൂടെ പരിശുദ്ധീകരിച്ചു. ജാഹിലീങ്ങളും, അജ്ഞരുമായിരുന്ന ജനത്തെ ആത്മീയ ജ്ഞാനംകൊണ്ടും വിഭൂഷിതരാക്കി. ഏക ദൈവികഗ്രന്ഥവും ഖിയാമത്ത് നാൾവരെയുള്ള എല്ലാ ജ്ഞാനവും യുക്തിയും വലയം ചെയ്തിരിക്കുന്നതുമായ ഈ മനോഹര ഗ്രന്ഥം അവർക്ക് മനസിലാക്കി കൊടുത്തു. അതുമൂലം മൃഗതുല്യമായ ജീവിതം നയിച്ചിരുന്നവർ മനുഷ്യരായി മാറി.

ഹദ്റത്ത് മസീഹ് മൗഊദ് عليه السلام പറഞ്ഞത്പോലെ. ആദ്യം അവർ മനുഷ്യരായി, പിന്നീട് അറിവുള്ള മനുഷ്യരായി, പിന്നീടവർ ദൈവിക മനുഷ്യരായി മാറി. ഈ കാലഘട്ടത്തിൽ ഒരിക്കൽകൂടി അല്ലാഹു നമ്മോട് ഔദാര്യം കാണിച്ചുകൊണ്ട് റസൂലുല്ലാഹി ﷺ യുടെ സത്യസന്ധനായ ദാസനെ അയച്ചിരിക്കുന്നു. ആ മഹാത്മാവിനെ അയച്ചിരിക്കുന്നത് നമുക്ക് ആയത്തുകൾ ഓതികേൾപ്പിക്കുന്നതിനും ദൈവിക അടയാളങ്ങൾകൊണ്ട് നമ്മുടെ ആത്മീയതയിൽ വർദ്ധനവു വരുത്തുന്നതിനും നമ്മുടെ ഈമാനിലും ദൃഢവിശ്വാസത്തിലും വർദ്ധനവ് വരുത്തുന്നതിനും നമ്മുടെ ജീവിതത്തിലും ശരിയായ മാർഗ്ഗനിർദ്ദേശം നൽകികൊണ്ട് പരിശുദ്ധമാക്കുന്നതിനും നമുക്ക് ഈ ദൈവിക ഗ്രന്ഥത്തിന്റെ യാഥാർത്ഥ്യവും അതിന്റെ രഹസ്യങ്ങളെക്കുറിച്ചും ബോധവൽക്കരിക്കുന്നതിനും شِفَآءٌ وَّرَحْمَةٌ لِّلْمُؤْمِنِيْنَ മുഅ്മിനീങ്ങൾക്ക് രോഗശമനവും കാരുണ്യവുമാണ് ഈ മഹത്തായ ഗ്രന്ഥമെന്ന് നമുക്ക് പറഞ്ഞു തരുന്നതിനും വേണ്ടിയാണ്. വിശുദ്ധ ഖുർആൻ നമുക്ക് ശിഫ ആകുന്നത് ഏതുവിധത്തിലാണ്.

ഈ അവസാന ശരീഅത്തിലെ അധ്യാപനങ്ങളിൽ മറഞ്ഞ് കിടന്നിരുന്ന യുക്തിഭദ്രമായ കാര്യങ്ങൾ ആ മഹാത്മാവ് നമുക്ക് പറഞ്ഞുതന്നു. ഇത് മുഅ്മിനീങ്ങളിൽ അല്ലാഹു ചെയ്ത ഔധാര്യമാണ്. ഇന്ന് ഇത് കേവലം ആ മഹാനായ പ്രവാചകന്റെ ശിഷ്യന്മാരിലും അല്ലാഹുവിന്റെ കൽപന അനുസരിക്കുകയും അതനുസരിച്ച് ചരിക്കുകയും റസൂലുല്ലാഹി ﷺ യുടെ പ്രവചനത്തെ പൂർത്തീകരിക്കുകയും ചെയ്യുന്നവരിലുമാണ് അല്ലാഹു ചൊരിഞ്ഞിരിക്കുന്നത്. ഈ കാലഘട്ടത്തിൽ ഖുർആന്റെ മഹത്വം മസീഹ് മൗഊദ് عليه السلام എങ്ങനെയാണ് വ്യക്തമാക്കിയിരിക്കുന്നത്. തൗറാത്തുമായി താരതമ്യം ചെയ്ത്കൊണ്ട് ഒരു സ്ഥലത്ത് പറയുന്നു.

“വിശുദ്ധ ഖുർആൻ തൗഹീദിലും കൽപനകളിലും തൗറാത്തിലുള്ളതിൽ നിന്ന് വിഭിന്നമായി എന്ത് പുതിയ കാര്യമാണ് കൊണ്ടുവന്നിട്ടുള്ളത് എന്ന പാതിരിമാരുടെ വാദം തികച്ചും തെറ്റാണ്. പ്രത്യക്ഷത്തിൽ അറിവില്ലാത്ത ഒരാൾ തൗറാത്തിൽ കണ്ണോടിക്കുമ്പോൾ അതിൽ തൗഹീദും ഇബാദത്തിന്റെയും കടമകളെക്കുറിച്ചുമുള്ള കൽപനകളും കാണുന്നതാണ്. പിന്നെ എന്ത് പുതിയ കാര്യമാണ് വിശുദ്ധ ഖുർആൻ മുഖേന വിവരിച്ചത് എന്നോർത്ത് വഞ്ചിതനാകും. എന്നാൽ ദൈവികഗ്രന്ഥത്തിൽ ഒരിക്കലും ചിന്തിച്ചിട്ടില്ലാത്തവൻ മാത്രമേ ഈ വഞ്ചനയിൽ അകപ്പെടുകയുള്ളൂ. ഓർത്തുകൊള്ളുക. ആത്മീയമായ ഒരുപാട് കാര്യങ്ങളുടെ അടയാളങ്ങൾ പോലും തൗറാത്തിൽ കാണാൻ സാധ്യമല്ല. തൗറാത്തിൽ തൗഹീദിന്റെ സൂക്ഷമമായ സ്ഥാനത്തെക്കുറിച്ച് എവിടെയും പ്രതിപാതിച്ചിട്ടില്ല. വിശുദ്ധ ഖുർആൻ നമ്മോട് പറയുന്നു. തൗഹീദ് എന്നാൽ കേവലം വിഗ്രഹങ്ങളെയും മനുഷ്യനെയും മൃഗങ്ങളെയും ആകാശീയഗോളങ്ങളെയും പിശാചുക്കളെയും പൂജിക്കുന്നതിൽ നിന്ന് വിട്ടുനിൽക്കുകയെന്നത് മാത്രമല്ല, മറിച്ച് തൗഹീദ് മൂന്ന് പദവികളിലായി വിഭജിക്കപ്പെട്ടിരിക്കുന്നു. ഒന്നാമത്തെ സ്ഥാനം സാധാരണക്കാർക്കായി. അതായത് അല്ലാഹുവിന്റെ കോപത്തിൽ നിന്ന് രക്ഷപ്പെടാൻ ആഗ്രഹിക്കുന്നവർക്ക്. രണ്ടാമത്തെ സ്ഥാനം, പ്രത്യേക ആളുകൾക്ക്. അതായത് സാധാരണക്കാരിൽ നിന്ന് വ്യത്യസ്ഥമായി കൂടുതലായി ദൈവസാമിപ്യവും ബന്ധവും ആഗ്രഹിക്കുന്നവർക്ക്. മൂന്നാമത്തെ സ്ഥാനം പ്രത്യേകരിൽ പ്രത്യേകരായവർക്ക്. സാമിപ്യത്തിന്റെ പരമോന്നതിയിൽ എത്താൻ ആഗ്രഹിക്കുന്നവർക്ക്.”

തൗഹീദിന്റെ ഒന്നാമത്തെ സ്ഥാനം, അന്യദൈവങ്ങളെ ആരാധിക്കാതിരിക്കുക എന്നതാണ്. ഓരോ വസ്തുവും അത് പരിമിതവും സൃഷ്ടിക്കപ്പെട്ടതും ആണെങ്കിൽ അത് ആകാശത്തിലോ ഭൂമിയിലോ ഉള്ളതാണെങ്കിലും അതിനെ ആരാധിക്കാതിരിക്കുക. തൗഹീദിന്റെ രണ്ടാമത്തെ സ്ഥാനം, തന്റെയും മറ്റുള്ളവരുടെയും എല്ലാ വ്യവഹാരത്തിലും സ്വാധീനം ചെലുത്തുന്ന യാഥാർത്ഥ്യം അല്ലാഹുവാണെന്ന് വിശ്വസിക്കുക. അതായത് ഫലം തരുന്നവനും സ്വാധീനം ചെലുത്തുന്നവനും യഥാർഥത്തിൽ അല്ലാഹുവാണ്. വസ്തുക്കൾക്ക് അല്ലാഹുവിന് പങ്കാളിയാകുന്നവിധത്തിൽ പ്രാധാന്യം നൽകാതിരിക്കുക. ഉദാഹരണമായി ഇങ്ങനെ പറയുക. സൈദ് ഇല്ലായിരുന്നുവെങ്കിൽ എനിക്ക് ഇപ്രകാരം നഷ്ടം വരുമായിരുന്നു. ബക്കർ ഇല്ലായിരുന്നെങ്കിൽ ഞാൻ നശിച്ചുപോകുമായിരുന്നു. ഈ വാക്കുകൾ അഥവാ സൈദിനെയും ബക്കറിനെയും ഒരു യഥാർഥ വസ്തുവായി മനസ്സിലാക്കിക്കൊണ്ട് പറഞ്ഞാൽ അതും ശിർക്കാണ്.

തൗഹീദിന്റെ മൂന്നാമത്തെ സ്ഥാനം അല്ലാഹുവിനോടുള്ള സ്നേഹത്തിൽ തന്റെ നഫ്സിന്റെ ഉദ്ദേശ്യത്തെക്കൂടി എടുത്തുകളയുക. തന്റെ അസ്തിത്വത്തെ അവന്റെ മഹത്വത്തിൽ ലയിപ്പിച്ച് കളയുക. ഈ തൗഹീദ് തൗറാത്തിൽ എവിടെയാണുള്ളത്. അതുപോലെ തന്നെ തൗറാത്തിൽ സ്വർഗത്തെക്കുറിച്ചോ നരകത്തെക്കുറിച്ചോ ഒന്നുംതന്നെയില്ല. ഒരു പക്ഷേ ചിലയിടങ്ങളിൽ സൂചനകൾ ഉണ്ടാവാം. അതുപോലെ തന്നെ തൗറാത്തിൽ അല്ലാഹുവിന്റെ പരിപൂർണ്ണ ഗുണനാമങ്ങളെ പൂർണ്ണമായും വിവരിച്ചിട്ടില്ല. തൗറാത്തിൽ വിശുദ്ധ ഖുർആനിലേതുപോലെ ഒരു സൂറത്ത് قُلْ هُوَ اللّٰهُ اَحَدٌ ۚ اَللّٰهُ الصَّمَدُ ۚ لَمْ يَلِدْ ۙ وَلَمْ يُوْلَدْ ۙ وَلَمْ يَكُنْ لَّهٗ كُفُوًا اَحَدٌ എന്നെങ്കിലും ഉണ്ടായിരുന്നെങ്കിൽ ക്രിസ്ത്യാനികൾ ഈ സൃഷ്ടിപൂജയുടെ പരീക്ഷണത്തിൽ നിന്ന് വിട്ടുനിൽക്കുമായിരുന്നു. അതുപോലെ തന്നെ തൗറാത്തിൽ കടമകളുടെ സ്ഥാനവും പൂർണ്ണമായും വിവരിച്ചിട്ടില്ല. എന്നാൽ ഖുർആൻ ഈ അധ്യാപനവും അതിന്റെ ഉന്നതിയിൽ എത്തിച്ചിരിക്കുന്നു. ഉദാഹരണമായി പറയുന്നു.

اِنَّ اللّٰهَ يَاْمُرُ بِالْعَدْلِ وَالْاِحْسَانِ وَاِيْتَآئِ ذِى الْقُرْبٰى

അല്ലാഹു കൽപ്പിക്കുന്നു. നീതി പ്രവർത്തിക്കുക. അതിലുപരിയായി നിങ്ങൾ ഔധാര്യം ചെയ്യുക. അതിലുപരിയായി നിങ്ങൾ നിങ്ങളുടെ ഉറ്റബന്ധുക്കളെ സേവിക്കുന്നതുപോലെ ജനങ്ങളെ സേവിക്കുക. അതായത് മനുഷ്യ സമുദായത്തോടുള്ള നിങ്ങളുടെ സഹാനുഭൂതി പ്രകൃതിദത്തമായ ആവേശം മൂലമായിരിക്കണം. തിരിച്ച് ലഭിക്കുമെന്ന

ഉദ്ദേശ്യത്തോടെയായിരിക്കരുത്. ഏതുപോലെ ഒരു മാതാവ് തന്റെ കുഞ്ഞിനോട് സഹാനുഭൂതി കാണിക്കുന്നുവോ ആ രീതിയിലായിരിക്കണം.

പറയുന്നു.''ഇതുപോലെ തൗറാത്തിൽ അല്ലാഹുവിന്റെ അസ്തിത്വം ഏകത്വം അവന്റെ പരിപൂർണഗുണനാമങ്ങളെ ബുദ്ധിപരമായ തെളിവുകൾകൊണ്ട് സ്ഥാപിച്ച് കാണിച്ചിട്ടില്ല. എന്നാൽ വിശുദ്ധ ഖുർആൻ ഈ എല്ലാ വിശ്വാസങ്ങളെയും ഇൽഹാമിന്റെ ആവശ്യകത, നുബുവ്വത്തിന്റെ ആവശ്യകത എന്നിവയെല്ലാം തന്നെ യുക്തിപരമായി തെളിയിച്ചരിക്കുന്നു. എല്ലാ കാര്യങ്ങളും ഫിലോസഫിയുടെ രൂപത്തിൽ വിവരിച്ച് സത്യാന്വേഷികൾക്ക് മനസ്സിലാക്കാൻ എളുപ്പമാക്കിയിരിക്കുന്നു. ഈ എല്ലാ തെളിവുകളും വിശുദ്ധ ഖുർആനിൽ സമുന്നതമായ നിലയിൽ കാണാൻ സാധിക്കുന്നു. ഉദാഹരണമായി ദൈവാസ്ഥിക്യത്തെക്കുറിച്ച് വിശുദ്ധ ഖുർആനിൽ ഇല്ലാത്ത ഒരു തെളിവ് കൊണ്ടുവരാൻ ആർക്കും സാധ്യമല്ല.''
''ഇതുകൂടാതെ വിശുദ്ധ ഖുർആന്റെ ആവശ്യകതക്കുള്ള മറ്റൊരു തെളിവ് ഇതാണ്. തൗറാത്ത് മുതൽ ഇഞ്ചീൽ വരെയുള്ള മുൻകഴിഞ്ഞ ഗ്രന്ഥങ്ങൾ ഒരു പ്രത്യേക സമുദായമായ ബനീ ഇസ്രായീലിനെയാണ് സംബോധന ചെയ്തത്. ഇതിന്റെ ഹിദായത്ത് പൊതുവിൽ എല്ലാവർക്കും പ്രയോജനകരമല്ല എന്നും മറിച്ച് ബനീ ഇസ്രായീൽ വരെ പരിമിതമാണ് എന്നും അത് വളരെ വ്യക്തമായ വാക്കുകളിൽ പറയുന്നു. എന്നാൽ വിശുദ്ധ ഖുർആൻ മുഴുവൻ ലോകത്തിന്റെയും പരിഷ്കരണമാണ് മുന്നിൽ വെക്കുന്നത്. ഇതിന്റെ സംബോധകർ ഒരു പ്രത്യേക സമുദായമല്ല. മറിച്ച് അത് മുഴുവൻ ജനങ്ങളിലേക്കുമാണ് ഇറങ്ങിയിരിക്കുന്നത് വളരെ വ്യക്തമായി പറയുന്നു. എല്ലാവരുടെയും പരിഷ്ക്കരണം ഇതിന്റെ ലക്ഷ്യമാണ്.''

കാലത്തിന്റെ ഇമാം വിശുദ്ധ ഖുർആന്റെ മഹത്വത്തെക്കുറിച്ച് നമുക്ക് പറഞ്ഞുതന്ന നിധിയുടെ ഒരു ചെറിയ സൂചന മാത്രമാണിത്. അഹ്മദികളായ നാം ഭാഗ്യവാൻമാരാണ്. എന്നാൽ നാം നമ്മുടെ ജീവിതം വിശുദ്ധ ഖുർആന്റെ അദ്ധ്യാപനങ്ങളനുസരിച്ച് ആക്കിത്തീർക്കുമ്പോൾ മാത്രമേ ഭാഗ്യവാന്മാരാണെന്ന് പറയുവാൻ സാധിക്കുകയുള്ളൂ. നിങ്ങൾക്ക് ആരോപണമുള്ള ആ ഗ്രന്ഥത്തിന്റെ തെളിവാർന്ന അദ്ധ്യാപനങ്ങൾ ഇതാണെന്ന് ലോകത്തിന് കാണിച്ചുകൊടുക്കുക. അപ്പോൾ മാത്രമേ നാം ആഖിരീന്റെ ജമാഅത്തിൽ ഉൾപ്പെടുന്നവരായിത്തീരുകയുള്ളൂ.

ഞാൻ ഒരു ഖുതുബയിൽ ജർമ്മനിയുടെ ഉദാഹരണം നൽകിയിരുന്നു. അവിടെ ജമാഅത്ത് വിവിധ സ്ഥലങ്ങളിൽ ഖുർആന്റെ Exhibition നടത്തിയിട്ടുണ്ട്. ചില സ്ഥലങ്ങളിൽ ചർച്ചിന്റെ ഹോളുകൾ Exhibition വേണ്ടി ഉപയോഗിച്ചു. അതുമൂലം നല്ല പ്രതികരണം ലഭിച്ചു. മീഡിയയും അതിന് പ്രാധാന്യം നൽകിയിരുന്നു. അതു ഞാൻ പറയാഞ്ഞിരുന്നത് മറ്റു രാജ്യങ്ങളിലെ ജമാഅത്തുകളും അത്തരത്തിലുള്ള എക്സിബിഷനുകൾ നടത്തുന്നതിനായിരുന്നു. എന്നാൽ ഈ കാര്യത്തിൽ ഉദ്ദേശിച്ചപോലെ ജോലി ചെയ്തില്ല. അമേരിക്കയും ശരിയായ രീതിയിൽ പ്രോഗ്രാം തയ്യാറാക്കി എക്സിബിഷൻ നടത്തിയിരുന്നുവെങ്കിൽ മീഡിയകളുടെ ശ്രദ്ധ ഇസ്ലാമിലേക്ക് തിരിയുമായിരുന്നു. അവർ ഈ അക്രമികളുടെ കാര്യം പറയുന്നതോടൊപ്പം നമ്മുടെ കാര്യവും പറയുന്നതായിരിക്കും. അമേരിക്കയിലെ ജമാഅത്ത് അല്ലാഹുവിന്റെ അനുഗ്രഹത്താൽ സമാധാനത്തിന്റെ സന്ദേശം എത്തിക്കുന്നതിനായി ബ്രീഫ്ലെറ്റും സെമിനാറും വളരെ വിശാലമായ തോതിൽ നടത്തുകയുണ്ടായി. വളരെ നല്ല പ്രവർത്തനമാണ് നടന്നത്. മീഡിയയിൽ അതിന് നല്ല കവറേജ് ലഭിച്ചു. എന്നാൽ എക്സിബിഷൻ പോലുള്ള പ്രവർത്തനം വേണ്ട വിധത്തിൽ നടത്തിയില്ല. വിശ്വാസിയുടെ ജോലി നാനാവിധത്തിലും കണ്ണുവെക്കുകയെന്നതാണ്. അഥവാ വ്യവസ്ഥാപിതമായ രീതിയിൽ ഓർഗനൈസ് ചെയ്ത് അമേരിക്കയിലും മറ്റു രാജ്യങ്ങളിലും എക്സിബിഷൻ സംഘടിപ്പിക്കുക. അതിനായി ഹാളുകൾ വാടകക്ക് എടുത്താലും തെറ്റില്ല. കാരണം ചില അവസരങ്ങളിൽ പള്ളിയിൽ സംഘടിപ്പിക്കുന്ന എക്സിബിഷനുകളിൽ ചില ആളുകൾ പങ്കെടുക്കാറില്ല. കാരണം ഇക്കാലത്ത് ഇസ്ലാമിനെക്കുറിച്ച് തെറ്റിദ്ധാരണ ജനിപ്പിച്ചിരിക്കുന്നതുകൊണ്ട് ലോകത്തിൽ അതുമൂലം ഒരു ഭയം ഉണ്ടായിരിക്കുന്നു. അതുകൊണ്ട് ഹാളുകൾ വാടകക്ക് എടുത്ത് അതിൽ എക്സിബിഷൻ നടത്തുകയും വിശുദ്ധ ഖുർആന്റെ തർജ്ജമകൾ വെക്കുകയും അതിന്റെ മനോഹര അദ്ധ്യാപനങ്ങളുടെ പോസ്റ്ററുകളും ബാനറുകളും ഉണ്ടാക്കി പ്രദർശിപ്പിക്കുകയുമാണെങ്കിൽ അതിന് മനോഹരമായ ഡിസ്പ്ലെയുമുണ്ടെങ്കിൽ അത് ജനങ്ങളുടെ ശ്രദ്ധ ആകർഷിക്കും. മീഡിയയുടെ ശ്രദ്ധയും ഈ ഭാഗത്തേക്ക് ഉണ്ടാകും. ഇന്ന് ഇസ്ലാമിലേക്ക് ശ്രദ്ധിക്കാൻ തുടങ്ങിയിരിക്കുന്നു. ചിലർ ശരിയായ കാര്യങ്ങളും എഴുതാറുണ്ട്. ജമാഅത്തിനെക്കുറിച്ച് വരുന്ന ഏകദേശം എല്ലാ അഭിപ്രായങ്ങളും തന്നെ ശരിയായിട്ടുള്ളതാണ് എഴുതാറുള്ളത്. ഇവരുടെ നിയ്യത്ത് എന്താണെന്ന് അല്ലാഹുവിന് മാത്രമേ അറിയൂ. എന്നിരുന്നാലും നാം ഈ അവസരങ്ങൾ പ്രയോജനപ്പെടുത്തേണ്ടതാണ്. സ്റ്റാളുകളിലും സാധാരണ എക്സിബിഷനുകളിലും നാം ഭാഗവാക്കാകാറുണ്ട്. അതിൽ മീഡിയയിൽ വലിയ കവറേജ് ലഭിക്കാറില്ല. കാരണം അവിടെ വലിയ വലിയ മറ്റനേകം സ്റ്റാളുകളും വ്യക്തികളും വ്യത്യസ്ഥ ശ്രദ്ധാകേന്ദ്രങ്ങളും സ്ഥാനങ്ങളും എല്ലാം ഉണ്ടാകും. അതുകൊണ്ട് നാം പ്രത്യേകം ചെയ്യുന്ന എക്സിബിഷന് ഒരു പ്രത്യേകം പ്രതികരണം ലഭിക്കും. വ്യവസ്ഥാപിതമായ രീതിയിൽ ഒരു വ്യത്യസ്ഥ സംവിധാനം ഉണ്ടായാൽ വിശുദ്ധ ഖുർആൻ എന്താണെന്നും അതിന്റെ അദ്ധ്യാപനങ്ങൾ എന്തെല്ലാമാണെന്നും ലോകത്തിന് അറിയാൻ സാധിക്കും. ജിഹാദിന്റെയും യുദ്ധത്തിന്റെയും എതിരിൽ ഇവർ ഒരുപാട് പറയുന്നു. എന്നാൽ ഏത് അവസ്ഥയിലാണ് ഇത് അനുവദനീയമായിട്ടുള്ളത് എന്ന് പറയുന്നില്ല. അല്ലാഹു വാളെടുക്കാനുള്ള അനുവാദം നൽകിയത് ക്രിസ്ത്യാനികളുടെയും യഹൂദികളുടെയും മറ്റു മതസ്ഥരുടെയും സംരക്ഷണത്തിന്റെ കാര്യം പറഞ്ഞുകൊണ്ടാണ്. കേവലം മുസ്ലിംകളുടെ സംരക്ഷണത്തെക്കുറിച്ചല്ല പറഞ്ഞത്. ഇതിലും ദജ്ജാലിന്റെ കുത്സിത പ്രവർത്തനങ്ങളാണ് ഇസ്ലാമിന് നഷ്ടം വരുത്താൻ ചില കേന്ദ്രങ്ങളിൽ നിന്ന ഇടക്കിടക്ക് പ്രകടമായിക്കൊണ്ടിരിക്കുന്നത്. ഇവയുടെ പൂർണ്ണ പ്രതിരോധം ആവശ്യമാണ്. പൂർണ്ണമായ പ്രതിരോധത്തിന് തുടർച്ചയായ പരിശ്രമം ആവശ്യമാണ്. ഇത് യഥാർത്ഥ രീതിയിൽ നടപ്പാക്കാൻ അഹ്മദിയ്യാ ജമാഅത്തിന് മാത്രമേ സാധിക്കുകയുള്ളൂ.

ഞാൻ വായിച്ച ഹദ്റത്ത് മസീഹ് മൗഊദ് عليه السلام ന്റെ ഉദ്ധരണിയിൽ നിന്ന് വിശുദ്ധ ഖുർആന്റെ അദ്ധ്യാപനങ്ങളുടെ പ്രാധാന്യം എത്രമാത്രമാണെന്ന് മനസ്സിലാകുന്നു. എപ്രകാരമാണ് അവിടുന്ന് താരതമ്യം ചെയ്തത്. പിന്നീട് ഇസ്ലാം എത്രമാത്രം നീതിയുടെ അദ്ധ്യാപനങ്ങൾ നൽകിയിട്ടുണ്ടോ അത്ര മറ്റൊരു ഗ്രന്ഥവും നൽകിയിട്ടില്ല. ഒരിടത്ത് വിശുദ്ധ ഖുർആനിൽ അല്ലഹു പറയുന്നു.

لَا يَنْهٰكُمُ اللّٰهُ عَنِ الَّذِيْنَ لَمْ يُقَاتِلُوْكُمْ فِي الدِّيْنِ وَلَمْ يُخْرِجُوْكُمْ مِّنْ دِيَارِكُمْ اَنْ تَبَرُّوْهُمْ وَتُقْسِطُوْٓا اِلَيْهِمْ ۭ اِنَّ اللّٰهَ يُحِبُّ الْمُقْسِطِيْنَ ۝٩

മതം കാരണത്താൽ നിങ്ങളുമായി യുദ്ധം ചെയ്തിട്ടില്ലാത്തവരും നിങ്ങളുടെ ഭവനങ്ങളിൽ നിന്ന് നിങ്ങളെ ബഹിഷ്ക്കരിച്ചിട്ടില്ലാത്തവരുമായവരെപ്പറ്റി നിങ്ങൾ അവർക്ക് നന്മ ചെയ്യുന്നതും അവരുമായി നീതിപൂർവ്വം വർത്തിക്കുന്നതും അല്ലാഹു നിരോധിക്കുന്നില്ല. തീർച്ചയായും നീതി പാലിക്കുന്നവരെ അല്ലാഹു സ്നേഹിക്കുന്നു.

നിങ്ങളോട് യുദ്ധം ചെയ്യാത്തവരോടും നിങ്ങൾക്ക് നഷ്ടം വരുത്താത്തവരോടും ബന്ധപ്പെടുന്നതിനോ അവരോട് നന്മ പ്രവർത്തിക്കുന്നതിനോ അവർക്ക് നീതി നൽകുന്നതിനോ അല്ലാഹു വിലക്കുന്നില്ല. ശേഷം പറഞ്ഞു

يَاَيُّهَا الَّذِيْنَ اٰمَنُوْا كُوْنُوْا قَوّٰمِيْنَ لِلّٰهِ شُهَدَآءَ بِالْقِسْطِ ۫ وَلَا يَجْرِمَنَّكُمْ شَنَاٰنُ قَوْمٍ عَلٰٓى اَلَّا تَعْدِلُوْا ؕ اِعْدِلُوْا ۫ هُوَ اَقْرَبُ لِلتَّقْوٰى ۫ وَاتَّقُوا اللّٰهَ ؕ اِنَّ اللّٰهَ خَبِيْرٌۢ بِمَا تَعْمَلُوْنَ ﴿۹﴾

വിശ്വസിച്ചവരെ നിങ്ങൾ നീതിക്ക് സാക്ഷ്യം വഹിക്കുന്നവരായി അല്ലാഹുവിന് വേണ്ടി നിലകൊള്ളുക. ഒരു സമുദായത്തോടുള്ള വിരോധം അവരോട് നീതി പാലിക്കാതിരിക്കാൻ നിങ്ങളെ പ്രേരിപ്പിക്കാതിരിക്കട്ടെ. നിങ്ങൾ എപ്പോഴും നീതി പാലിക്കുക അത് ദൈവഭക്തിയുമായി ഏറ്റവും അടുത്തതാണ്. നിങ്ങൾ അല്ലാഹുവിനെ ഭയപ്പെടുക. തീർച്ചയായും അല്ലാഹു നിങ്ങൾ പ്രവർത്തിക്കുന്നതിനെക്കുറിച്ച് സൂക്ഷമമായി അറിയുന്നവനാണ്. പിന്നീട് പറഞ്ഞു.

وَاعْبُدُوا اللّٰهَ وَلَا تُشْرِكُوْا بِهٖ شَيْـًٔا وَّبِالْوَالِدَيْنِ اِحْسَانًا وَّبِذِى الْقُرْبٰى وَالْيَتٰمٰى وَالْمَسٰكِيْنِ وَالْجَارِ ذِى الْقُرْبٰى وَالْجَارِ الْجُنُبِ وَالصَّاحِبِ بِالْجَنْۢبِ وَابْنِ السَّبِيْلِ ۙ وَمَا مَلَكَتْ اَيْمَانُكُمْ ؕ اِنَّ اللّٰهَ لَا يُحِبُّ مَنْ كَانَ مُخْتَالًا فَخُوْرَا ۨ ﴿۳۷﴾

നിങ്ങൾ അല്ലാഹുവിനെ ആരാധിക്കുക. മറ്റൊന്നിനെയും അവന്റെ കൂടെ പങ്കുചേർക്കരുത്. മാതാപിതാക്കൾക്ക് നിങ്ങൾ നന്മ ചെയ്യുക. അടുത്ത ബന്ധുക്കൾ, അനാഥർ, അഗതികൾ, അടുത്ത ബന്ധുവായ അയൽവാസി, അന്യനായ അയൽവാസി, തൊട്ടടുത്ത കൂട്ടുകാരൻ, യാത്രക്കാരൻ, നിങ്ങളുടെ ഉടമസ്ഥതയിലുള്ളവർ എന്നിവർക്കും നന്മ ചെയ്യുക. അഹംഭാവിയും പൊങ്ങച്ചക്കാരനുമായവനെ അല്ലാഹു ഒരിക്കലും ഇഷ്ടപ്പെടുകയില്ല.

ഈ ആയത്തുകളിൽ ശത്രുത കാണിക്കാത്ത നിഷേധികളോട് നന്മ പ്രവർത്തിക്കാൻ പറഞ്ഞിരിക്കുന്നത്. പിന്നീട് സൂറ മാഇദയിലെ ആയത്തിൽ ശത്രുക്കളോടും നീതിയോടുകൂടി പ്രവർത്തിക്കാൻ പറയുന്നു. ശത്രുതക്കും ചില പരിധിയും അതിർവരമ്പുകളും ഉണ്ട്. ശത്രു അഥവാ നീചമായ പ്രവർത്തി ചെയ്താൽ നിങ്ങൾ നീതിയിൽ നിന്ന് വ്യതിചലിച്ച് അനാവശ്യ ശത്രുത കാണിക്കരുത്. അവരുടെ അപരാദത്തേക്കാൾ വലിയ ശിക്ഷ നൽകരുത്. അവർ കാണിക്കുന്നതുപോലുള്ള ദുഃസ്വഭാവങ്ങൾ നിങ്ങൾ കാണിക്കരുത്. സൂറ നിസാഇലുള്ള മൂന്നാമത്തെ ആയത്തിൽ മാതാപിതാക്കൾ മുതൽ എല്ലാ മനുഷ്യരോടും നല്ല നിലയിൽ വർത്തിക്കാൻ കൽപിച്ചിരിക്കുന്നു. അതായത് ലോകത്ത് സമാധാനം സംസ്ഥാപിതമാക്കുന്നതിനുവേണ്ടി മുഴുവൻ മനുഷ്യരാശിയോടും നല്ല നിലയിൽ പ്രവർത്തിക്കാൻ പറഞ്ഞിരിക്കുന്നു.

സമാധാനം സ്ഥാപിക്കുന്നതിനായി, ഒരു സമാധാന സമൂഹത്തെ വാർത്തെടുക്കുന്നതിനായി വിശുദ്ധ ഖുർആൻ നമുക്ക് നൽകിയിരിക്കുന്ന മഹത്തായ അധ്യാപനങ്ങളാണിവ. ഇതുതന്നെയാണ് ഇന്ന് സമാധാനത്തിന്റെ ജാമ്യം. ഒരു അക്രമിയായ അമേരിക്കൻ പാതിരി ചെയ്ത പ്രവർത്തിയല്ല. അത്തരം ആളുകൾ തീർച്ചയായും അല്ലാഹുവിന്റെ ശിക്ഷയെ വിളിച്ചുവരുത്തുന്നവരാണ്. ഇസ്‌ലാമിന്റെയും റസൂൽ ﷺ ന്റെയും വിശുദ്ധ ഖുർആന്റെയും മേൽ ശത്രുക്കളുടെ നീചമായ ആക്രമണങ്ങൾ കാണുമ്പോൾ ആദ്യമായി നാം നമ്മുടെ പ്രവർത്തി ശരിയായ ഇസ്‌ലാമിക അദ്ധ്യാപനമനുസരിച്ചുള്ളതാക്കിത്തീർക്കാൻ പരിശ്രമിക്കുക. പിന്നീട് സമൂഹത്തിൽ ഈ മനോഹര അദ്ധ്യാപനങ്ങളെ പ്രചരിപ്പിക്കുക. അതിന് ലഭ്യമായ എല്ലാ മാർഗ്ഗങ്ങളും അവലംഭിക്കുക. ***അല്ലാഹു നമുക്ക് അതിനുള്ള തൗഫീഖ് നൽകുമാറാകട്ടെ.***

ഈ അവസരത്തിൽ ഞാൻ ജമാഅത്തിലെ ഒരുപണ്ഢിതനും മഹാനുമായ ഒരു മഹൽ വ്യക്തിത്വത്തെക്കുറിച്ച് പറയാൻ ആഗ്രഹിക്കുകയാണ്. അദ്ദേഹം വിശുദ്ധ ഖുർആൻ ഹാഫിസാക്കിയ ആളായിരുന്നു. വിശുദ്ധ ഖുർആനുമായി അദ്ദേഹത്തിന് ഒരു പ്രത്യേക ബന്ധമുണ്ടായിരുന്നു. ഭൗതിക വിദ്യാഭ്യാസം പി.എച്ച്ഡി. ആയിരുന്നു. ആസ്ട്രോണമിയിൽ അദ്ദേഹം വളരെ പേരെടുക്കുകയുണ്ടായി. എന്നാൽ സയൻസിനെ എല്ലാഴ്പ്പോയും വിശുദ്ധ ഖുർആൻ കീഴിൽ കൊണ്ടുവന്നു. കഴിഞ്ഞ ദിവസം ഇദ്ദേഹം വഫാത്തായി. اِنَّا لِلّٰهِ وَاِنَّآ اِلَيْهِ رٰجِعُوْنَ അദ്ദേഹത്തിന്റെ പേര് ഹാഫിസ് സാലിഹ് മുഹമ്മദ് അലാദ്ദീൻ സാഹിബ് എന്നാണ്. കഴിഞ്ഞ ഏകദേശം 4 വർഷമായി അദ്ദേഹം ഖാദിയാനിലെ അഞ്ചുമൻ അഹ്മദിയ്യായുടെ സദറാണ്. സദർ സദർ അഞ്ചുമൻ അഹ്മദിയ്യാ എന്ന പദവി കൂടാതെ ഒരു നീണ്ട കാലം ഇദ്ദേഹം അഞ്ചുമൻ അഹ്മദിയ്യായുടെ മെമ്പറുമായിരുന്നു. ഉസ്മാനിയ യൂണിവേഴ്സിറ്റിയിൽ നിന്നും ഇദ്ദേഹം ഫിസിക്സ് എം.എസ്.സി. എടുത്തു. പിന്നീട് 1963ൽ അമേരിക്കയിൽ നിന്ന് (Observative university of chicago യിൽ നിന്ന്) ആസ്ട്രോ ഫിസിക്സിൽ പി.എച്ച്.ഡി. എടുത്തു. വളരെ അധികം ശ്രേഷ്ഠതകളുള്ള ഒരു വ്യക്തിയായിരുന്നു. വൈജ്ഞാനികപരമായി ഇദ്ദേഹം ഏകദേശം അൻപതോളം പ്രബന്ധങ്ങൾ അന്താരാഷ്ട്ര മാസികകളിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. അദ്ദേഹത്തിന് ഒരുപാട് അവാർഡുകൾ ലഭിച്ചിട്ടുണ്ട്. ഇന്ത്യയിലെ പ്രസിദ്ധ അവാർഡായ മേഘ്ന സാഹ അവാർഡ് ഓഫ് തിയററ്റിക്കൽ സെയൻസ് അദ്ദേഹത്തിന് 1987 ൽ ലഭിച്ചു. ഞാൻ അദ്ദേഹത്തിന്റെ ചരിത്രം നോക്കിയിരുന്നു. എന്നാൽ അങ്ങേയറ്റത്തെ വിനയമാണ് ഉണ്ടായിരുന്നത്. Dynamics of galaxies and lunar and Solar eclipse അദ്ദേഹത്തിന്റെ ഇഷ്ട വിഷയമായിരുന്നു. അതിൽ വിശുദ്ധ ഖുർആനിൽ നിന്നും ഹദീസിൽ നിന്നും സൂര്യചന്ദ്രഗ്രഹണങ്ങൾ ഹദ്റത്ത് മസീഹ് മൗഊദ് (عليه السلام) ന്റെ സാക്ഷ്യത്തിനുള്ള തെളിവായി ഉദ്ധരിച്ചിട്ടുണ്ട്. ഇതുമായിബന്ധപ്പെട്ട് വിവിധ ജലസകളിൽ യു.കെ.യിലും ഖാദിയാനിലും അദ്ദേഹം പ്രഭാഷണങ്ങളും നടത്തിക്കൊണ്ടിരുന്നു. 1994,95 ൽ ഈ അടയാളത്തിന്റെ ശതവാർഷിക ജൂബിലിയിൽ ഒരുപാട് ജമാഅത്തീ പ്രസിദ്ധീകരണങ്ങളിൽ അദ്ദേഹത്തിന്റെ ലേഖനങ്ങൾ പ്രസിദ്ധീകൃതമാകുകയുണ്ടായി. 2009 ലും ദൈവാസ്തിക്യം ഗഗോള ശാസ്ത്രത്തിന്റെ വെളിച്ചത്തിൽ എന്ന വിഷയത്തെ അധികരിച്ച് അദ്ദേഹം പ്രസംഗിക്കുകയുണ്ടായി. വളരെ കഴമ്പുള്ള വൈജ്ഞാനികമായ ഒരു പ്രഭാഷണമായിരുന്നു. തന്റെ ശാസ്ത്രീയ വിഷയങ്ങളെ വിശുദ്ധ ഖുർആന്റെ ആയത്തുകൾ കൊണ്ട് തെളിയിക്കാറുണ്ടായിരുന്നു. ഈ കാര്യത്തിൽ ഒരു പ്രത്യേക കഴിവ് അദ്ദേഹത്തിനുണ്ടായിരുന്നു. ഒരു പ്രകൃതിപരമായ ചാഴ്വും അദ്ദേഹത്തിന് ഈ ദിശയിലേക്ക് ഉണ്ടായിരുന്നു. വിവിധ യൂണിവേഴ്സിറ്റികളിലെ റിസർച്ച് സ്കോളറും റിസർച്ച് ഫെലേയും ആയിരുന്നു. അത് നീണ്ട ഒരു ലിസ്റ്റാണ് വിശദീകരിക്കുക അസാധ്യമാണ്.

2003 ൽ **American biographical Institute** ഇദ്ദേഹത്തിന് **Great minds of 21st century** അവാർഡ് നൽകുകയുണ്ടായി ദീനിലും അദ്ദേഹത്തിന്റെ വൈജ്ഞാനിക സേവനം അപാരമാണ്.

ഇമാം മഹ്ദിയുടെ സത്യസാക്ഷ്യത്തിനുള്ള രണ്ട് മഹത്തായ അടയാളങ്ങ ളായ സൂര്യചന്ദ്ര ഗ്രഹണങ്ങളുടെ ചരിത്രം എഴുതുകയുണ്ടായി. ഹദ്റത്ത് മസീഹ് മൗഊദ് عليه السلام ന്റെ സത്യസാക്ഷ്യം സൂര്യചന്ദ്ര ഗ്രഹണങ്ങളുടെ അടിസ്ഥാനത്തിൽ, സൂര്യചന്ദ്ര ഗ്രഹണം നമ്മുടെ അടയാളം, നമ്മുടെ ദൈവം, The dynamic of colliding galaxies , The dynamic of stellar system, ഇത്തരത്തിലുള്ള പുസ്തകങ്ങളും അദ്ദേഹം എഴുതിയിട്ടുണ്ട്. വിവിധ രീതിയിൽ വർഷം മുഴുവനും ജമാഅ ത്തിന് വേണ്ടി സേവനം ചെയ്തുകൊണ്ടിരുന്നു. സുബായി അമീറും സദർ ജമാഅത്തും സെക്രട്ടറിയും ആയിട്ടുണ്ട്. ഞാൻ പറഞ്ഞ ത്പോലെ സദർ അഞ്ചുമൻ അഹ്മദിയ്യായുടെ മെമ്പറുമായിട്ടുണ്ട്. റിട്ടയർമെന്റിന് ശേഷം കുറച്ച്കാലം മുമ്പ് ഖാദിയാനിലേക്ക് താമസം മാറി. പിന്നീട് ഞാൻ അദ്ദേഹത്തെ സദർ സദർ അഞ്ചുമൻ അഹ്മദിയ്യ ആയി നിശ്ചയിച്ചു. അല്ലാഹുവുമായി ഒരു ദൃഢമായ ബന്ധമാണ് അദ്ദേഹത്തിന് ഉണ്ടായിരുന്നത്. അദ്ദേഹത്തിന്റെ ഭാര്യ ഒരിക്കൽ പറ യുകയുണ്ടായി. അദ്ദേഹം പാക്കിസ്ഥാനിൽ വന്നപ്പോൾ കറാച്ചി എയർപ്പോർട്ടിൽ കസ്റ്റംസുകാർ ചില ഇലക്ട്രോണിക് ഉപകരണങ്ങൾ തടഞ്ഞുവെച്ചു. ഒരുപാട് ബുദ്ധിമുട്ടേണ്ടി വരുമായിരുന്നു. ഈ വസ്തു ക്കൾ കൊണ്ടുപോകുന്നത് അനുവദനീയമായിരുന്നു. അനുവദനീയമ ല്ലാത്തത് അദ്ദേഹം ഒരിക്കലും ചെയ്യുമായിരുന്നില്ല. എന്നാൽ നമ്മുടെ നാടുകളിൽ യാത്ര ചെയ്യുന്നവർക്ക് അറിയാം കസ്റ്റംസുകാർ എങ്ങനെ യാണ് തടയുകയെന്നത്. അദ്ദേഹത്തിന്റെ ഭാര്യ പറയുന്നു. ''കുറച്ച് കഴി ഞ്ഞപ്പോൾ സാലിഹ് അലാദ്ദീൻ സാഹിബ് അപ്രത്യക്ഷനായിരിക്കു ന്നതായാണ് ഞാൻ കണ്ടത്. ഞാൻ ഒരുപാട് പരവശയായി. ഇദ്ദേഹം എവി ടെപ്പോയി. കുറച്ച് കഴിഞ്ഞ് അദ്ദേഹം തിരിച്ചുവന്നപ്പോൾ ഞാൻ ചോദി ച്ചു. ഈ ആപത്ത് സമയത്ത് എവിടെപോയതായിരുന്നു. അദ്ദേഹം പറ ഞ്ഞു. ഈ സ്ഥിതിയിൽ അല്ലാഹുവിനുമാത്രമേ നമ്മെ സഹായിക്കാൻ സാധിക്കുകയുള്ളൂ. അത്കൊണ്ട് ഞാൻ രണ്ട് റകഅത്ത് നഫൽ നമസ്ക രിക്കാൻ ഒരു ഭാഗത്ത് പോയതായിരുന്നു. നമസ്ക്കരിച്ചുകഴിഞ്ഞു. നമു ക്കിനി പോകാം. നമുക്ക് നമ്മുടെ സാധനങ്ങൾ ലഭിക്കും. അങ്ങനെ വളരെ ദൃഢവിശ്വാസത്തോട്കൂടി കസ്റ്റംസ് ഓഫീസർമാരുടെ അടു ത്തേക്ക് പോയി. ഈ സമയം കൊണ്ട് കസ്റ്റംസ് ഓഫീസർമാരുടെ ഹൃദ യവും മാറിയിരുന്നു. അവർ ക്ഷമാപണം ചെയ്ത്കൊണ്ട് അവരുടെ സാധ നങ്ങൾ അവർക്ക് നൽകി. ഇത്തരം അവസരങ്ങളിൽ മറ്റാരെങ്കിലുമായി രുന്നെങ്കിൽ അവർ ശുപാർശക്ക് വേണ്ടി നടക്കുകയോ വ്യാകുലപ്പെടു കയോ ചെയ്യും. അദ്ദേഹം അല്ലാഹുവിന്റെ ഫള്ലിലാണ് വിശ്വസിച്ചിരുന്ന ത്.'' ഇദ്ദേഹത്തിന്റെ ഭാര്യയുടെ സഹോദരി ഡോക്ടർ നുസ്റത്ത് ജഹാം സാഹിബ (ഇദ്ദേഹം മൗലവി അബ്ദുൽ മലിക് ഖാൻ സാഹിബിന്റെ മരുമ കനുമായിരുന്നു.) അവർ പറയുന്നു. ''ഞാൻ ഖാദിയാനിൽ പോയപ്പോൾ അദ്ദേഹത്തിന് തന്റെ രോഗം കാരണം മസ്ജിദിൽ പോകാൻ കഴിഞ്ഞിരു ന്നില്ല. അതിൽ അദ്ദേഹത്തിന് വലിയ ദുഃഖമുണ്ടായിരുന്നു. അത് പ്രകടി പ്പിക്കുകയും ചെയ്തിരുന്നു. പറയാറുണ്ടായിരുന്നു. എനിക്ക് പള്ളിയിൽ പോകാൻ കഴിയുന്നില്ല. നിങ്ങൾ അവിടെപോയി നമസ്ക്കരിച്ച് വരുന്നു.'' ഇതുമായി ബന്ധപ്പെട്ട് എനിക്ക് അല്ലാതെയും ഒരുപാട് രിവായത്തുകൾ ലഭിക്കുകയുണ്ടായി. ഇദ്ദേഹത്തിന് 26 വയസ്സുള്ള സമയത്ത് അദ്ദേഹം ശേഖ് യഅ്ഖൂബ് അലി സാഹിബ് ഇർഫാനിയുടെ സമക്ഷത്തിൽ ഹാജ രായി ഇങ്ങനെ പറയുന്നു. ഞാൻ അകത്തേക്ക് പ്രവേശിച്ച ഉടനെ അദ്ദേഹം പറയുകയുണ്ടായി. ഇപ്പോൾ അല്ലെങ്കിൽ ഇന്ന് ഞാൻ സ്വപ്ന ത്തിൽ മൗലവി നൂറുദ്ദീൻ സാഹിബ് ഖലീഫത്തുൽ മസീഹ് അവ്വലിനെ കണ്ടു. താങ്കൾ ഹദ്റത്ത് മൗലവി നൂറുദ്ദീൻ സാഹിബിന്റെ കസേരയിൽ ഇരിക്കുന്നത് സ്വപ്നത്തിൽ ഞാൻ കണ്ടു. ഹദ്റത്ത് ഖലീഫത്തുൽ മസീഹ് അവ്വൽ ആഗതനായി അദ്ദേഹത്തെ കസേരയിൽ ഇരുത്തി. അദ്ദേഹം പറ യുന്നു. ''ഞാൻ വിചാരിച്ചു ഞാനെവിടെ ഹദ്റത്ത് ഖലീഫത്തുൽ മസീഹ് അവ്വൽ എവിടെ. ഇത് മറ്റെന്തോ ആയിരിക്കും. എന്നാൽ ഖാദിയാനിൽ വന്നതിനു ശേഷം കുറച്ചുകാലം കഴിഞ്ഞ ഹദ്റത്ത് മിർസാ വസീം അഹ്മദ് സാഹിബിന്റെ മരണത്തിന് ശേഷം ഹുസൂർ എന്നെ സദർ സദർ അഞ്ചുമൻ അഹ്മദിയ്യ ആയി നിയോഗിച്ചപ്പോൾ ഇത് പൂർത്തിയായി. അദ്ദേഹം പറയുന്നു. ഞാൻ അഹ്മദിയ്യാ ചരിത്രം വായിച്ചപ്പോൾ എനിക്ക് അറിയാൻ കഴിഞ്ഞു, സദർ അഞ്ചുമൻ അഹ്മദിയ്യായുടെ ആദ്യത്തെ സദർ ഹദ്റത്ത് ഖലീഫത്തുൽ മസീഹ് അവ്വൽ رضي الله عنه ആയിരുന്നു. ഇർ ഫാനി സാഹിബ് رضي الله عنه ന്റെ സ്വപ്നം ഈ വിധത്തിൽ ഒരു നീണ്ട കാല ത്തിനുശേഷം പൂർത്തിയായി.''

വിശുദ്ധ ഖുർആനുമായി വളരെ വലിയ ഒരു ബന്ധമാണ് അദ്ദേഹത്തിന് ഉണ്ടായിരുന്നത്. വിശുദ്ധ ഖുർആൻ വളരെ പ്രയത്നിച്ചാണ് അദ്ദേഹം ഹിഫ്ള് തുടങ്ങിയത്. രാവിലെ പരീക്ഷയായിരുന്നു. മാതാവ് അദ്ദേഹ ത്തോട് പറഞ്ഞു. മോനെ പരീക്ഷക്ക് തയ്യാറെടുക്കുക. എന്നാൽ അദ്ദേ ഹം വിശുദ്ധ ഖുർആൻ ഓതുകയും മനഃപാഠമാക്കുകയും ചെയ്തു കൊണ്ടിരുന്നു. വീട്ടിലിരുന്ന് സ്വയം വിശുദ്ധ ഖുർആൻ ഹിഫ്ളാക്കി. വിശുദ്ധ ഖുർആനുമായി വീടിന്റെ ബേയ്സ്മെന്റിൽ പോകുകയും അവി ടെവെച്ച് മനഃപാഠമാക്കുകയുമാണ് ചെയ്യാറുണ്ടായിരുന്നത്. അദ്ദേഹ ത്തിന്റെ ഈ ആവേശം പിതാവ് കണ്ടപ്പോൾ പിന്നീട് അദ്ദേഹത്തിന് ഖുർ ആൻ ഹിഫ്ളാക്കാനായി ഒരു മുഅല്ലിമിനെ നിശ്ചയിച്ചു. ഖിലാഫത്തിനെ പരിപൂർണ്ണമായും അനുസരിക്കുമായിരുന്നു. ആത്മ സമർപ്പണം ചെയ്യാ നുള്ള ഒരു വലിയ മനസ്സുണ്ടായിരുന്നു. ദർവേശാനെ ഖാദിയാനെ വളരെ അധികം ബഹുമാനിച്ചിരുന്നു. ഞാൻ പറഞ്ഞത്പോലെ എല്ലാ ബുദ്ധിമു ട്ടിലും നഫലിലും ദുആയിലും മുഴുകുമായിരുന്നു. ഒരു അഹങ്കാരവു മില്ലാതെ ആർക്കും ബുദ്ധിമുട്ടുണ്ടാക്കാത്ത ആളും, തഹജ്ജുദ് നമസ്ക്ക രിക്കുകയും വിശുദ്ധ ഖുർആന്റെ ആയത്തുകൾ ഉരവിട്ട്കൊണ്ടിരിക്കു കയും ചെയ്യുന്ന ആളുമായിരുന്നു. ജലസയുടെ അവസരത്തിൽ മസ്ജിദ് അഖ്സയിൽ തഹജ്ജുദിന് ഇമാമത്തും നിർവ്വഹിക്കാറുണ്ടായിരുന്നു. എപ്പോഴും ദീനി മജ്ലിസുകളിൽ ഇരിക്കുന്നത് ഇഷ്ടപ്പെട്ടു. ഭൗതിക ലോകവുമായി യാതൊരു ബന്ധവുമുണ്ടായിരുന്നില്ല.

ഒരു മുറബ്ബി സാഹിബ് എനിക്ക് എഴുതുകയുണ്ടായി. അദ്ദേഹത്തിന്റെ ഒരു ബന്ധുവിന്റെ വിവാഹത്തിൽ പങ്കെടുക്കാൻ പോയി. നിക്കാഹിന്റെ വിളമ്പര സമയമായപ്പോൾ ഇദ്ദേഹത്തിന്റെ ഭൗതികമായ സ്ഥാനമാനവും കുടുംബമഹത്വം കൊണ്ടും അവർ അദ്ദേഹത്തോട് പറഞ്ഞു. ''നിക്കാഹ് ഖുതുബ നൽകിയാലും.''അതുകേട്ട് അദ്ദേഹം വളരെയധികം ദേഷ്യ പ്പെട്ടുപറഞ്ഞു ''നിങ്ങൾ മുറബ്ബിമാരെ ബഹുമാനിക്കാറില്ലെ. വാഖ്ഫിനെ സിന്ദകികളെ ബഹുമാനിക്കാറില്ലെ. ഇവിടെ ഒരു മുറബ്ബി ഉണ്ടായിരിക്കെ ഞാൻ എങ്ങനെ നിക്കാഹ് നടത്താനാണ്. ഇത്തരത്തിലുള്ള കാര്യങ്ങൾ ഇനി പറഞ്ഞാൽ ഞാൻ നിങ്ങളുടെ വിവാഹത്തിൽ പങ്കെടുക്കില്ല.''

നമ്മുടെ ഒരു മുറബ്ബി എഴുതുന്നു. ''2008 ൽ ഖിലാഫത്ത് ജൂബിലി യുടെ പ്രതിജ്ഞ എടുത്തതിനുശേഷം ഇദ്ദേഹത്തന്റെ അവസ്ഥ തന്നെ മാറിപ്പോയി. എല്ലായ്പ്പോഴും തബ്ലീഗിനായി ശ്രമിച്ചുകൊണ്ടിരുന്നു. താൻ അറിയുന്ന തന്റെ പഴയ ശാസ്ത്രജ്ഞന്മാരുമായും ബന്ധം പുതുക്കുക യുണ്ടായി. തനിക്ക് ഈമെയിൽ അഡ്രസ്സ് ഉണ്ടാക്കി അവരുമായി ബന്ധ പ്പെടാൻ തുടങ്ങി. അവരെ ഖാദിയാനിലേക്ക് ക്ഷണിച്ചുകൊണ്ടിരുന്നു. ക്ഷീണിച്ച അവസ്ഥയിലും ഡൽഹിയിൽ ശാസ്ത്ര സമ്മേളനത്തിൽ പങ്കെ ടുത്തു. അവരുമായി ബന്ധപ്പെടാൻ കഴിയും എന്നത്കൊണ്ടായിരുന്നു അത്. അവർക്ക് ജമാഅത്തിന്റെ സാഹിത്യങ്ങൾ നൽകി. ഒരുപാട് പ്രൊഫ സർമാരുടെ വീട് സന്ദർശിച്ചു. അവരെ ഖാദിയാനിലേക്ക് ക്ഷണിച്ചു. 2008 ൽ യു.എൻ.ഒ ഇന്റർ നാഷണൽ ഇയർ ഓഫ് അസ്ട്രോണമി ആഘോഷി

ച്ചപ്പോൾ ബാംഗ്ലൂരിൽ പോകുകയും അവിടെ വിശുദ്ധ ഖുർആനും സയൻസും എന്ന വിഷയത്തെ അധികരിച്ച് രോഗാവസ്ഥയിലും സുദീർഘം വൈജ്ഞാനികമായ ഒരു പ്രസംഗം നടത്തി. അതിനുശേഷം ഒരുപാട് പ്രൊഫസർമാരുമായി ബന്ധപ്പെട്ടു. സൂര്യഗ്രഹണത്തെക്കുറിച്ച് ഒരിക്കൽ ഗവേഷണം നടത്തി. അത് ഉപേക്ഷിച്ചിരുന്നില്ല. മറിച്ച് എല്ലായ്പ്പോഴും കൂടുതൽ ഗവേഷണം നടത്തിക്കൊണ്ടിരുന്നു.

ഒരാൾ പറയുന്നു. കമ്പ്യൂട്ടർ അദ്ദേഹത്തിന് അധികം പ്രവർത്തിപ്പിക്കാൻ അറിയില്ലായിരുന്നു. അത്കൊണ്ട് ഞാനാണ് സഹായിച്ചിരുന്നത്. അഞ്ചുമന്റെ ജോലിക്ക്ശേഷം ഈ മുറബ്ബി സാഹിബിന്റെ അടുത്ത് വരികയും പുതിയ പുതിയ ടോപികിൽ ഗവേഷണം നടത്തുകയും ചെയ്യുമായിരുന്നു. പറയാറുണ്ടായിരുന്നു. നമുക്ക് യുവാക്കളുടെ ഒരു ടീം ഉണ്ടാക്കേണ്ടതുണ്ട്. അവർ എല്ലാ മാസവും പട്ടണത്തിന് പുറത്ത് തുറന്ന ഗ്രാമ പ്രദേശത്ത് പോയി ചന്ദ്രപിറവി ദർശിക്കുകയും എന്നിട്ട് ഒരു ഡാറ്റാ ബേസ് ഉണ്ടാക്കുകയും അതിൽ എല്ലാ മാസവും ചന്ദ്രൻ എപ്പോഴാണ് നഗ്ന നേത്രങ്ങൾകൊണ്ട് കാണപ്പെട്ടത് എന്നും രേഖപ്പെടുത്തുകയും ചെയ്യുക. കാരണം ചന്ദ്രൻ നഗ്ന നേത്രങ്ങൾകൊണ്ട് എപ്പോഴാണ് കണ്ടത് എന്ന് ശാസ്ത്രത്തിന് പറയാൻ സാധിക്കുകയില്ല. ഈ റെക്കോർഡ് നാം സൂക്ഷിക്കുകയാണെങ്കിൽ ഒരുപാട് ആരോപണങ്ങൾക്ക് മറുപടി പറയാൻ സാധിക്കും. അദ്ദേഹം ശ്രദ്ധ ചെലുത്തുന്ന അദ്ദേഹത്തിന്റെ ഒരു ചിന്താഗതിയായിരുന്നു ഇത്. പറയാറുണ്ടായിരുന്നു. നഗ്നനേത്രങ്ങൾകൊണ്ട് ചന്ദ്രനെ കാണുകയെന്നത് വളരെ നിർബന്ധമാണ്. കാരണം മുസ്‌ലിംങ്ങൾ കണക്കിൽ പുരോഗതി പ്രാപിക്കാനുള്ള കാരണം അവർ ചന്ദ്രനെ വീക്ഷിക്കുന്നതുകൊണ്ടായിരുന്നു. വിശുദ്ധ ഖുർആനിലും അല്ലാഹു ചന്ദ്രന്റെ ഭ്രമണത്തെക്കുറിച്ച് പറഞ്ഞിട്ടുണ്ട്. ﴿لِتَعْلَمُوا عَدَدَ السِّنِينَ وَالْحِسَابَ﴾

അത്കൊണ്ട് കണ്ണുകൊണ്ട് ചന്ദ്രനെ കാണേണ്ടതാണ്. അദ്ദേഹം രാത്രിയിൽ നക്ഷത്രങ്ങളെ വീക്ഷിക്കാറുണ്ടായിരുന്നു. പറയാറുണ്ടായിരുന്നു. ഫ്രാൻസിൽ ഒരു വലിയ ശാസ്ത്രജ്ഞൻ ഉണ്ടായിരുന്നു. നക്ഷത്രങ്ങളിൽ നിന്ന് നമ്മുടെ കണ്ണുകളെ പ്രകാശിപ്പിക്കുന്ന പ്രകാശം മാത്രമല്ല വരുന്നത് മറിച്ച് നമ്മുടെ ബുദ്ധിയെ പ്രകാശിപ്പിക്കുന്ന ഒരു പ്രകാശവും അവയിൽനിന്ന് വരാറുണ്ട് എന്നദ്ദേഹം പറയാറുണ്ടായിരുന്നു. വിശുദ്ധ ഖുർആന്റെ കൽപനയനുസരിച്ച് എപ്പോഴും ആകാശഭൂമികളുടെ സൃഷ്ടിപ്പിനെക്കുറിച്ച് ചിന്തിക്കുന്ന ആളായിരുന്നു. ഉലുൽ അൽബാബിൽ പെട്ട ആളായിരുന്നു.

അദ്ദേഹത്തിന്റെ പിതാമഹനാണ് ആദ്യമായി അഹ്മദിയായത്. അതും ഒരു പ്രത്യേക സംഭവമാണ്. അദ്ദേഹം പറയുന്നു. ''ഞാൻ ഒരു വ്യാപാരിയായിരുന്നു. ഭൗതികനായ ആളായിരുന്നു. ദീനിൽ വലിയ താൽപര്യം ഉണ്ടായിരുന്നില്ല. ഒരു ദിവസം എന്റെ പക്കൽ റിവ്യൂ ഓഫ് റിലീജ്യൻസ് മാസിക വരികയുണ്ടായി. അതിൽ സ്വയം പരസ്യം നൽകാനും പറഞ്ഞിരുന്നു. ആ ദിവസം ഞാൻ ഇസ്‌ലാം മത തത്വജ്ഞാനത്തിന്റെ പരസ്യവും കണ്ടു. ഞാൻ ആ പുസ്തകം വരുത്തി വായിച്ചു. അതുമൂലം എല്ലാ അന്ധകാരവും ഇല്ലാതായി. അദ്ദേഹത്തിന്റെ പിതാമഹൻ പറയുന്നു. അതിനുശേഷം എന്നിൽ ഒരു വലിയ വിപ്ലവം ഉണ്ടായി. ഞാൻ നോമ്പെടുക്കാനും നഫൽ നോമ്പെടുക്കാനും തുടങ്ങി. നമസ്ക്കാരത്തിലേക്കും തഹജ്ജുദിലേക്കും ശ്രദ്ധയുണ്ടായി.''

ഹദ്റത്ത് മുസ്‌ലിഹ് മൗഊദ് رضی اللہ عنہ ഒരു സ്വപ്നം കണ്ടിരുന്നു. അതിന്റെ വ്യാഖ്യാനം അദ്ദേഹം ഇതാണ് നൽകിയത്. കാരണം ഇദ്ദേഹത്തിന്റെ പിതാമഹൻ സേട്ട് സാഹിബിന് ഹദ്റത്ത് മുഫ്തി സാദിഖ് സാഹിബുമായും യഅ്ഖൂബ് അലി ഇർഫാനി സാഹിബുമായും ഹാഫിസ് റോശൻ അലി സാഹിബുമായും ബന്ധമുണ്ടായിരുന്നു. അവർ ഹദ്റത്ത് മുസ്‌ലിഹ് മൗഊദ് رضی اللہ عنہ ന്റെ അടുത്ത് ഇദ്ദേഹത്തെക്കുറിച്ച് പറയാറുണ്ടായിരുന്നു. ഒരിക്കൽ ഹ: മുസ്‌ലിഹ് മൗഊദ് رضی اللہ عنہ പറഞ്ഞു: ''ഞാൻ സ്വപ്നം കണ്ടിരിക്കുന്നു, ഇദ്ദേഹം അഹ്മദിയ്യത്ത് സ്വീകരിക്കുകയും അതിമഹത്തായ ആത്മീയ അനുഗ്രഹങ്ങളും ദീനീസേവനത്തിനുള്ള അവസരവും ലഭിക്കുകയും ചെയ്യുന്നതാണ് എന്ന്.'' അങ്ങനെ അല്ലാഹുവിന്റെ അനുഗ്രഹംകൊണ്ട് അദ്ദേഹം ബൈഅത്ത് ചെയ്തു.

ഹദ്റത്ത് മുസ്‌ലിഹ് മൗഊദ് رضی اللہ عنہ ഇദ്ദേഹത്തിന്റെ പിതാമഹനെക്കുറിച്ച് പറഞ്ഞത് കേൾപ്പിക്കാം. പറയുന്നു. ''ഒരു പുരാതന കുടുംബത്തെക്കുറിച്ചും അൽപം പറയാം. തുടർച്ചയായി ജമാഅത്തിനെ സേവിക്കുന്നതിൽ ഇദ്ദേഹത്തിന്റെ സ്ഥാനം ഏറ്റവും ഉയർന്നിരിക്കുകയാണ്. അദ്ദേഹത്തിന്റെ സഹായംകണ്ട് ആളുകൾ മനസ്സിലാക്കുന്നുതുപോലെ അദ്ദേഹത്തിന്റെ സാമ്പത്തിക അവസ്ഥ അത്ര നല്ലതൊന്നുമല്ലെന്ന്എനിക്കറിയാം. എന്നാൽ അല്ലാഹു അദ്ദേഹത്തിന് അങ്ങേയറ്റം പരിശുദ്ധമായ ഒരു ഹൃദയം നൽകിയിരിക്കുന്നു. അദ്ദേഹത്തിന്റെ വ്യക്തിത്വത്തിൽ ഞാൻ പ്രത്യേകമായി അഭിമാനിക്കാനുള്ള കാരണം അദ്ദേഹം ജമാഅത്തിൽ പ്രവേശിക്കുന്ന അവസരത്തിൽ അല്ലാഹു എന്നോട് അദ്ദേഹത്തിന്റെ ഇഖ്‌ലാസിനെക്കുറിച്ച് മുമ്പ്തന്നെ അറിയിച്ചിരുന്നു. ഞാൻ അദ്ദേഹത്തെ കാണുകപോലും ചെയ്തിട്ടുണ്ടായിരുന്നില്ല. എനിക്ക് പോലും അദ്ദേഹത്തിന്റെ ത്യാഗം കണ്ട് അസൂയ തോന്നുന്ന രീതിയിൽ അദ്ദേഹം ജമാഅത്തിന്റെ സേവനത്തിൽ വ്യാപൃതനായി ഞാൻ കാണുന്നു. ഞാൻ അദ്ദേഹത്തെ അല്ലാഹുവിന്റെ അനുഗ്രഹങ്ങളിൽ ഒരു അനുഗ്രഹമായി കാണുന്നു. നമ്മുടെ ജമാഅത്തിലെ മറ്റ് അംഗങ്ങൾ പ്രത്യേകിച്ച് വ്യാപാരികൾ അദ്ദേഹത്തിന്റെ മാന്യത സ്വായത്തമാക്കിയിരുന്നെങ്കിൽ അദ്ദേഹത്തെപോലെ ഇഖ്‌ലാസ് കാണിച്ചിരുന്നെങ്കിൽ എത്ര നന്നായേനെ!''

മൗലവി മുഹമ്മദ് ഇസ്മാഈൽ സാഹിബ് യാത്ഗിരി പറയുന്നു. ''ഞാൻ ഇദ്ദേഹത്തിന്റെ സാമ്പത്തിക ത്യാഗം എത്രയാണെന്ന് കണക്കാക്കി. ആ കാലഘട്ടത്തിൽ പൈസയുടെ വ്യവസ്ഥിതി ഇല്ലായിരുന്നു.''ഇപ്പോഴാണല്ലോ ഒരു രൂപക്ക് നൂറ് പൈസ എന്ന കണക്ക് വന്നത് അന്ന് അണ ആയിരുന്നു. 16 അണ ഒരു രൂപ. പറയുന്നു. ''ഞാൻ കണക്ക് എടുത്തപ്പോൾ എനിക്ക് മനസ്സിലാക്കാന് കഴിഞ്ഞത്, അദ്ദേഹം 14 അണ ദീനിസേവനത്തിനും 2 അണ തന്റെ ആവശ്യത്തിനും വേണ്ടി ബാക്കി വെക്കാറുണ്ടായിരുന്നു എന്നാണ്. വളരെ വലിയ ഒരു വ്യാപാരി ആയിട്ടുപോലും ഇതായിരുന്നു അദ്ദേഹത്തിന്റെ അവസ്ഥ.''

ഇദ്ദേഹത്തിന്റെ പിതാമഹനെക്കുറിച്ച് ഹദ്റത്ത് മുസ്‌ലിഹ് മൗഊദ് رضی اللہ عنہ ഒരിക്കൽ പറയുകയുണ്ടായി. ''അഹ്മദിയ്യത്തിന്റെ തബ്‌ലീഗിനുള്ള അദ്ദേഹത്തിന്റെ ആവേശം, ഹദ്റത്ത് മസീഹ് മൗഊദ് علیہ السلام ന്റെ പഴയ സഹാബാക്കളായ മൗലവി ബുർഹാനുദ്ദീനിലും മറ്റും ഉണ്ടായിരുന്നത്പോലെയാണ്. അല്ലാഹുവിന്റെ മാർഗത്തിൽ ചെലവഴിക്കാനുള്ള ആവേശം സേട്ട് അബ്ദുർറഹ്മാൻ رضی اللہ عنہ ന് ഉള്ളത്പോലെയാണ്. മസീഹ് മൗഊദ് علیہ السلام ന്റെ അടുത്തേക്ക് ഹദ്റത്ത് സേട്ട് അബ്ദുർറഹ്മാൻ അല്ലാദത്തയുടെ രൂപത്തിൽ മലക്കിനെ അയച്ചിരുന്നെങ്കിൽ എന്റെ അടുത്ത് ഇദ്ദേഹത്തിന്റെ രൂപത്തിലാണ് അയച്ചിരിക്കുന്നത്.'' ഇതാണ് ഇദ്ദേഹത്തിന്റെ സംക്ഷിപ്ത ചരിത്രം, ഇതാണ് കുടുംബ പശ്ചാത്തലം. ഇദ്ദേഹത്തിൽ വിനയത്തിന്റെയും എളിമയുടേയും ഒരു സംഭവം ഇദ്ദേഹത്തിന്റെ മകൻ എഴുതുന്നു. ഒരിക്കൽ ഹാഫിസ് സാലിഹ് മുഹമ്മദ് അലാദ്ദീൻ സാഹിബ് ഡൽഹി സ്റ്റേഷനിൽ നിൽക്കുകയായിരുന്നു. ചുവന്ന കമ്മീസാണ് അദ്ദേഹം ധരിച്ചിരുന്നത്. സാധനങ്ങൾ എടുക്കുന്ന കൂലികളുടെ കമ്മീസും ചുവപ്പാണ്. ഒരു ഫാമിലി വന്നു. അവർ കരുതി ഇത് കൂലിയാണ് എന്ന്. അവർ പറഞ്ഞു. ''ഞങ്ങളുടെ സാധനം എടുത്ത് അവിടെ എത്തിക്കുക.'' അദ്ദേഹം ഒന്നും പറയാതെ അവരുടെ സാധനങ്ങൾ എടുത്ത് അവർ പറഞ്ഞ സ്ഥലത്ത് എത്തിച്ചു. ആ സമയത്ത് ആ വ്യക്തി കൂലി നൽകാൻ

തുടങ്ങിയപ്പോൾ അദ്ദേഹം പറഞ്ഞു. ''താങ്കൾ എന്നോട് സാധനം കൊണ്ട് വെക്കാൻ പറഞ്ഞു. ഞാൻ താങ്കളെ സഹായിച്ചു. ഇതിന് കൂലിയൊന്നും വേണ്ട. ആ വ്യക്തിക്ക് കാര്യം മനസ്സിലായപ്പോൾ ഒരുപാട് ലജ്ജിക്കുകയുണ്ടായി. അങ്ങേയറ്റത്തെ വിനയമാണ് ഉണ്ടായിരുന്നത്. ഇവിടെയും 2003 ൽ ജലസയിൽ വന്നിരുന്നു. അദ്ദേഹത്തിന്റെ ആരോഗ്യനില അന്ന് തൃപ്തികരമായിരുന്നില്ല. എയർപോർട്ടിൽ ട്രാൻസ്പോർട്ടിന്റെ സംവിധാനം ശരിയായിരുന്നില്ല. ഒരുപാട് കാത്തിരിക്കേണ്ടിവന്നു. പിന്നീട് താമസസൗകര്യവും അത്ര നല്ലതായിരുന്നില്ല. എന്നിരുന്നാലും ഒരു പരാതിയും കൂടാതെ അദ്ദേഹം ജമാഅത്ത് വ്യവസ്ഥിയെ അനുസരിച്ച് ആ ദിവസങ്ങൾ കഴിച്ചുകൂട്ടി. ***അല്ലാഹു ഇദ്ദേഹത്തിനുമേൽ അനുഗ്രഹം ചൊരിയട്ടെ. ഇദ്ദേഹത്തിന്റെ മക്കളെയും നന്മയിൽ നിലനിർത്തട്ടെ. അവരുടെ സഹായിയും സംരക്ഷകനും ആയിത്തീരട്ടെ.*** അദ്ദേഹത്തിനുമുമ്പെ അദ്ദേഹത്തിന്റെ ഭാര്യ വഫാത്തായിട്ടുണ്ടായിരുന്നു.

ഞാൻ നമസ്ക്കാരത്തിനുശേഷം ജനാസ നമസ്ക്കരിക്കുന്ന രണ്ടാത്തെ ആൾ കേണൽ മുഹമ്മദ് സയ്യിദ് സാഹിബ് റിട്ടയേർഡ് ആണ്. ഇദ്ദേഹം കാനഡയിലാണ് ഉണ്ടായിരുന്നത്. പാക്കിസ്ഥാനിൽ പോകുമ്പോൾ പ്ലൈനിൽ വെച്ച് വഫാത്താവുകയുണ്ടായി. اِنَّا لِلّٰہِ وَاِنَّآ اِلَیْہِ رٰجِعُوْنَ ഇദ്ദേഹം കനഡയിൽ വാൻകൂവറിലും, കാൽഗറിയിലും ഓണററി മുറബ്ബിയായി നിയമിതനായിരുന്നു. ഇതുകൂടാതെ കാനഡയിൽ ജനറൽ സെക്രട്ടറി, സദർ ഖസാ ബോർഡ് സെക്രട്ടറി വസായ മുതലായ സ്ഥാനവും അലങ്കരിച്ചിട്ടുണ്ട്. അഹ്മദിയ്യ ഗസറ്റ് വഖ്ഫെ നൗ മുതലായവയുടെ കോഓർഡിനേറ്ററായി പ്രവർത്തിച്ചിട്ടുണ്ട്. ക്യൂബയിൽ വിശുദ്ധ ഖുർആന്റെ ഫ്രഞ്ച്, ജർമ്മൻ ഭാഷകളിലുള്ള തർജ്ജമ പ്രചരിപ്പിക്കുന്നതിൽ മുന്നിട്ട് നിന്നു.

ബുയൂത്തുൽ ഹംദ് റബ്വയുടെ പദ്ധതി ഹദ്റത്ത് ഖലീഫത്തുൽ മസീഹ് റാബിഅ് പ്രഖ്യാപിച്ചപ്പോൾ അദ്ദേഹം 1 ലക്ഷം രൂപ തന്റെ കുടുംബത്തിന്റെ വകയായി നൽകാൻ ആഗ്രഹിം പ്രകടിപ്പിച്ചു. എന്നാൽ അവിടെവെച്ച് അന്ന് നൽകാൻ സാധിച്ചില്ല. കാനഡയിൽ പോകുകയും അവിടെ മസ്ജിദ് ബൈത്തുൽ സലാമിന്റെ നിർമ്മാണവേളയിൽ അദ്ദേഹം തന്റെ കുടുംബത്തിന്റെ വകയായി 1 ലക്ഷം ഡോളർ ആ മസ്ജിദിനായി നൽകുകയുണ്ടായി. വിശുദ്ധ ഖുർആന്റെ രണ്ടുഭാഷകളിൽ പ്രസിദ്ധീകരണത്തിനായി ഒരു വലിയ സംഖ്യ നൽകാൻ തൗഫീഖ് ലഭിച്ചു. ***അല്ലാഹു ഇദ്ദേഹത്തിന്റെ സ്ഥാനങ്ങളും ഉയർത്തുമാറാകട്ടെ. ഇദ്ദേഹത്തിന്റെ മക്കൾക്കും അവൻ സഹായിയും സംരക്ഷകനും ആയിരിക്കട്ടെ.*** ഈ രണ്ട് മഹത്വക്കളുടേയും ജനാസ ഗാഇബ് ഞാൻ പറഞ്ഞത്പോലെ നമസ്ക്കരിക്കുന്നതായിരിക്കും.

**HADHRAT MIRZA MASROOR AHMAD**

**KHALIFATUL MASIH - V** ایدہ اللہ تعالیٰ بنصرہ العزیز

**on 25- 03- 2011 at London**

വിവർത്തനം

**സുൽത്താൻ നസീർ സാഹിബ്**

മുബല്ലിഗ് വടകര, **PHONE : 9544274240**

Page Layout & Type Set: Majlis Khuddamul Ahmadiyya, Kozhikode Published by: **Majlis Khuddamul Ahmadiyya, North Kerala**